# MELANGE

2019-20

## GHSS KUMBLA



KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION PRESENTS

little KITEs

REGISTRATION NUMBER: LK/11020/2018

*P.O KUMBLA,KASARAGOD-671321. Email:11020kumbla@gmail.com*
*Phone:04998 215987*

# INDEX

Editorial....................4
പടിയിറങ്ങുമ്പോൾ....................6
ഓര്മ്മച്ചിത്രം....................6
പോ..... പോയ് രക്ഷപ്പെട്....................10
GLOBAL WARMING....................12
अनुवाद....................14
നിറത്തിന്റെ ശാസ്ത്രം ---------------------------------------....................15
പ്രകൃതി മനുഷ്യ കേന്ദ്രീകൃതമല്ല....................16
കാലാന്തരം....................19
ಮಾತು....................21
ಚುಟುಕು....................22
ಚಂದ್ರನ ಉದಯ....................23
ಚಿಣ್ಣರ ವೇದಿಕೆ....................24
My lonely friend....................25
राम के चरणों में....................26
വേണം നമുക്കൊരു പുതിയ ഭൗമസദാചാരം....................27
സൂര്യന് ഇല്ലാതെയായാൽ എന്തായിരിക്കും അവസ്ഥ?....................31
ഒരേ തരത്തിൽ ചിന്തിക്കുന്ന വിധം....................37
ശവമഞ്ചം....................38
സൈക്കിൾ....................39
جمالاللغةالعربية....................43
നൊമ്പരത്തിന്റെ ആഴക്കടൽ....................45



# MESSAGE



I am sure that the positive attitude, hard work, sustained efforts and innovative ideas exhibited will surely stir the mind of the readers and take them to the fantastic world of unalloyed joy and pleasure. "Success comes to those who work hard and stays with those who don't take rest on the laurels of the past" .I appreciate every student and the staff who shared the joy of participation in co-curricular and extracurricular activities along with their commitment to curriculum. I extend my warm wishes and blessings to this magazine.

**LINTAMMA JOHN**
**HEAD MISTRESS**
**In Charge**



# Editorial

Welcome to the Melange, the digital magazine ofGHSS KUMBLA.We are really proud and exuberant in bringing out this issue which surely leads to the enchanting word of literature and creativity. It is a melange of intellectual and emotional expedition.

With the help of smart work and proper use of time, we can achieve many things in our student life. Each step will take us towards success. It is said that student life is a golden life because student life is the most important part of human life-in this period the character of a man is built.

It is a formative period. Every student should try his best to make best use of his student life. So, when the  world is reeling from so many undesirable moves, it is our responsibility to uphold student-hood. We are aware that the primary duty of a student is to learn and acquire knowledge. We must do all our work at the right moment. If so, we will be able to shine in any sphere of life.

In short, it gives us immense pleasure to present this unique creation in the form of digital magazine.





# Editorial Board

**Akshay kumar (9I)**

**Payaswini (10J)**

**Ruqiya Rahiqa (10J)**

**Manikanta(9B)**

**Sanath(9A)**

**Shakir(9D)**

**Lenisha Telcita crasta(9C)**

**Saniya(9C)**

**Moideen Nuiman(10M)**

**Abdul Fathah(10M)**

**Kite Mistress: Jayanthi Y K**
**Kite Master: Ashraf Puthalath**

## പടിയിറങ്ങുമ്പോൾ

# ഓർമ്മച്ചിത്രം

**സംഭാഷണം**
**ദിവാകരൻ മാസ്റ്റർ**
**പയസ്വിനി /റുഖിയ റഹീഖ**
**10th J**



ഇരുപത്തിനാല് വർഷത്തെ സേവനം – അതും ഒരേ സ്കൂളിൽ.
ദിവാകരൻ സാർ പടിയിറങ്ങുകയാണ്, ദീർഘകാലത്തെ സേവനത്തിന് ശേഷം. ഈ കുമ്പള സ്കൂളിന്റെ മുറ്റത്ത് എത്ര കനത്ത മഴകൾ സാറിന്റെ ഓർമ്മകളിലൂടെകടന്നു



പോയി,ഇ ടി യും മിന്നലുമായി. കുമ്പള അങ്ങാടിയുടെ ചലനചിത്രങ്ങളത്രയും മനസ്സിൽ പൂത്തുനിൽക്കുന്നുണ്ട്. ജീവിതം ചിട്ടപ്പെടുത്തിയ സുദീർഘയാത്രകളുടെ ഇരമ്പൽ, സ്കൂളിന്റെ വളർച്ചയുടെ ഘട്ടങ്ങളെ കുറിച്ചുള്ള സൗമ്യ സ്മൃതികൾ ! ജീവിതത്തിന്റെ ക്രിയാത്മകമായ വേഗത്തിന് വായനയും എഴുത്തും ചിത്രങ്ങളു മായി ഒരു ദീർഘ യാത്ര. സാറുമായി ഞങ്ങൾ നടത്തിയ ഓർമ്മകളിലൂടെയുള്ള ഒരു സഞ്ചാരം.

**ചോദ്യം: ജീവിതത്തിലെ ഏറ്റവും സുഗന്ധിയായ ഒന്നാണല്ലോ സാർ നമ്മുടെ ബാല്യം. എന്തു തോന്നുന്നു സാർ ബാല്യത്തെ കുറിച്ച്?**

ഉ: നാലര വയസ്സിലാണ് ഞാൻ സ്കൂളിൽ ചേർന്നത് അഥവാ ചേർത്തത്.അമ്മ എന്നെ ഒക്കത്തെടുത്താണ് സ്കൂളിൽ കൊണ്ടു പോകാറുള്ളത്. മാഷെടുത്ത് ഏൽപ്പിച്ച് അമ്മ പോകുമ്പോൾ ഞാനെന്നും കരയും.പിന്നെപ്പിന്നെ സാന്ത്വനത്തിന്റെയും സ്നേഹത്തിന്റെ ഒരിടമായി സ്കൂൾ മാറി. അധികമൊന്നും ചങ്ങാതിമാരുള്ള
കുട്ടിയായിരുന്നില്ല ഞാൻ.

**ചോദ്യം. ബാല്യങ്ങളുടെ ഓർമ്മ ആരംഭിക്കുന്നത് നമ്മുടെ ആ വീട്ടിൽ നിന്നാണ്. പിച്ചവെച്ച ആ വീട് വല്ലപ്പോഴും മനസ്സിൽ നിറയാറുണ്ടോ സാർ.?**

ഉ:അമ്മ, അച്ഛൻ, അച്ഛന്റെ പെങ്ങൾ, അനിയത്തി എന്നിവരടങ്ങിയ ഒരു കൂട്ടുകുടുബം. കാർഷിക കുടുംബമായിരുന്നു. ആ പഴയ വീടിന്റെ ഒരു ചിത്രം ഞാനെവിടെയോ വരച്ചു വെച്ചിട്ടുണ്ട്. മൺ കട്ട കൊണ്ട് എടുത്തവീടായിരുന്നു അത്..അന്ന് നാടുവാഴിത്തം ഉള്ള കാലമായിരുന്നു . വലിയ വീടൊന്നും വെക്കാൻ പാടില്ല.കിണർ കുഴിച്ചാൽത്തന്നെ അതിന് ആൾമറ കെട്ടാൻ പാടില്ല. കെട്ടിയാൽ നാട്ടുവാഴിയുടെ കിങ്കരന്മാർ വരുമെന്ന് അച്ഛൻ പറയുന്നത് കേട്ടിട്ടുണ്ട്.

**ചോദ്യം :ഇന്നത്തെപ്പോലെ സമൃദ്ധമായിരുന്നോ സാർ അന്ന്?**

ഉ: ഇന്നത്തെപ്പോലെ വസ്ത്രങ്ങളൊന്നും അന്നില്ല. കുപ്പായമില്ലാഞ്ഞിട്ട് പഠിപ്പ് നിർത്തിയവർ അന്ന് നിരവധി പേരുണ്ട്.ഒരു ട്രൗസറിന്റെ ധാരാളിത്തത്തിൽ ഒരു വർഷം തീർക്കണം. പത്താം ക്ലാസ്സുവരെ ട്രൗസർ തന്നെയാണ്. പത്ത് കഴിഞ്ഞാൽ മുണ്ടുടുക്കാൻ തുടങ്ങും.കോ ഓപ്പററ്റീവ് ബാങ്കിൽ അന്ന് കുറച്ച് കോറത്തുണികൾ വരും. അതു കൊണ്ട് ഷർട്ട് തുന്നും. ഒരേ നിറമുള്ള കോറത്തുണികൾ ഞങ്ങൾ കുട്ടികളെ വളരെ മുമ്പ് തന്നെ യൂനിഫോമിലാക്കിയിരുന്നു.

കാർഷിക കുടുംബമായതുകൊണ്ട് ഭക്ഷണം അന്ന് സുഭിക്ഷമായിരുന്നു .നെല്ലും പച്ചക്കറികളും വീട്ടിൽ ഉണ്ടാകും. ഓലക്കണ്ണി കൊണ്ട് വെള്ളരിക്കമച്ചിൽ നിറയെ തൂക്കിയിട്ടിരുന്നത് ഇപ്പോഴും ഓർമ്മയുണ്ട്.

**ചോദ്യം:ചെറുപ്പത്തിലേ ചിത്രരചനയിൽ താൽപ്പര്യം ഉണ്ടായിരുന്നോ?**

ഉ:സ്കൂളിൽ പോകുന്നതിനു മുമ്പേ ഞാൻ വര തുടങ്ങിയിരുന്നു,മരത്തിന്റെ ഫ്രെയിമുള്ള സ്ലേറ്റിൽ. അച്ഛനാണ് എന്നിലെ കലാകാരനെ കണ്ടെത്തിയത് തന്നെ. അച്ഛൻ ഒരു കളർ ബോക്സ് വാങ്ങിത്തന്നു.അതു പയോഗിച്ച് പെയിന്റ് ചെയ്യും.അദ്ധ്യാപകർ പറഞ്ഞു തന്ന കഥകളും എന്റെ ഭാവനകൾക്ക് ചിറകുകൾ നൽകി.

മറ്റൊരു കാര്യം, ഞാൻ പറയാൻ ഇഷ്ടപ്പെടാത്തതാണ്. കുട്ടികളെ വല്ലാതെ നുള്ളി നോവിക്കുന്ന ഒരദ്ധ്യാപകനുണ്ടായി ന്നു. ഒരു നൊടിയിടയിൽ സ്വപ്നലോകത്തേക്ക് പറന്നു പോകുന്ന കുട്ടിക്കാലം..ആ സഞ്ചാരത്തിലായിരിക്കും മാഷിന്റെ ചോദ്യം വരുക.വ്യപസ്ഥാപിതത്വത്തിന്റെ അതിരുകൾക്കകത്ത്ല്ലാത്ത ബാല്യത്തിന് എന്ത് ഉത്തരം. കാലിന്റെ തുടയിലാണ് നുള്ളുക. ആ നുള്ളിന്റെ നോവും നീറ്റലും ഇന്നും ഓർമ്മയിലുണ്ട്. ആ നുള്ളിന്റെ അടയാളം ഇന്നും അവശേഷിക്കുന്നുണ്ട് കേട്ടോ.



**ചോ: സാർ,ഏതൊക്കെ സ്കൂളിലാണ് പഠിച്ചിരുന്നത്?**

ഉ: ശ്രീരാമവിലാസം സ്കൂളിലാണ്ഞാൻ ആദ്യമായി ചേർന്നത് .വീട്ടിൽ നിന്ന്

സ്കൂളിലേക്ക് ഒന്നര കി.മീ. നടക്കണം. വയലിലൂടെ. വിളഞ്ഞ നെൽക്കതിർ ഞങ്ങളേക്കാൾ ഉയരത്തിലായാരിക്കും. നെല്ലിന്റെ മണം ഇപ്പോഴും ബാല്യത്തിന്റെ ഓർമ്മയാണ്. പുൽവരമ്പിൽ കാല് വയ്ക്കുമ്പോഴേക്കുംപുൽച്ചാടികൾ മേൽപ്പോട്ട് പറക്കും. അന്ന്ജൂൺ ഒന്നിനു തന്നെ കൃത്യമായി മഴ പെയ്യും. "കാലവർഷത്തിന്റെ വെളുത്ത മഴ" തന്നെ. എല്ലാവർക്കും കുട ഉണ്ടായെന്നു വരില്ല.

ഉള്ള കുടകൾ തന്നെ ഓലക്കുടയാണ്. മഴയും കാറ്റും വരുമ്പോൾ ഒരു പേടിയായിരിക്കും. സ്കൂൾ വരാന്തയിൽ സൂക്ഷിച്ച കുട കാറ്റത്ത്പാറിപ്പോകുമോ എന്നൊരു ഭയം .അന്ന് ചെരിപ്പൊന്നുമുണ്ടായിരുന്നില്ല.

ചെരിപ്പ് അപൂർവ്വമാണ്. വേനൽകാലമായാൽ നിലത്ത് ചവിട്ടുമ്പോൾ നല്ലചൂടായിരിക്കും.

പിലാത്തറ യു.പി.സ്കൂളിലാണ് പിന്നീട് ഞാൻ പഠിച്ചത്.ജി.എച്ച്.എസ് മാടായിയിൽ എത്തുന്നതു വരെ ഞാൻ നന്നായി പഠിച്ചിരുന്നു.തെക്കു നിന്നുള്ള അദ്ധ്യാപകരായിരുന്നു അവിടെ അധികവും . അതു കൊണ്ട് അവർ വേഗം മാറിപ്പോകും.ഒരു പക്ഷേ  ഇത് പഠനത്തെ  ബാധിച്ചിരിക്കാം.

പയ്യന്നൂർ കോളജിലായിരുന്നു പ്രീഡിഗ്രീ വിദ്യാഭ്യാസം.അതിന് ശേഷം അഞ്ച് വർഷം ചിത്രകല പഠിച്ചു.

**ചോ: ഇത്രത്തോളം നഗരവൽക്കരിക്കപ്പെട്ടിട്ടില്ലാത്ത ഗ്രാമങ്ങളാണല്ലോ അന്ന് .ആ ഗ്രാമ്യ ഭംഗിയെക്കുറിച്ച് ഒന്ന് പറയാമോ?**

കാ‍ഉ:  കാരക്കുനിഎന്ന് പേരുള്ള സുന്ദരമായ ഗ്രാമത്തിലാണ് ഞാൻ ജനിച്ചത്.വീടിനു തൊട്ടു മുന്നിൽ ഒരു കുന്നുണ്ട്. കോട്ടക്കുന്ന് എന്നാണ് അത് അറിയപ്പെട്ടിരുന്നത്. അക്കാലത്ത് നാട്ടു വാഴികൾ കുന്നിനെ കോട്ടയായി ഉപയോഗിച്ചതുകൊണ്ടാകാം അതിന് അങ്ങനെ പേര് വരാൻ കാരണം. കോട്ടക്കുന്നിൽ ഒരു ദിവസം അമ്മയുടെ കൂടെ പോയത് ഓർമ്മയുണ്ട്. വൈകുന്നേരം കുന്നിൻ മുകളിൽ നിന്ന് നോക്കിയപ്പോൾ താഴെ വയൽ, പുഴ, അതിനപ്പുറംകടൽ .കടൽ നിറയെ വെളുത്ത പായ കെട്ടിയ ഓടങ്ങൾ. ആ നിമിഷം എന്റെ മനസ്സിൽ എന്തൊക്കെ പൂവിടലുകളാണ് സംഭവിച്ചത് എന്ന് പറയാൻ വയ്യ. എത്രമേൽ സമഗ്രമായൊരു ഭാവാന്തരമാണത്!

**ചോ:എപ്പോഴാണ് ജോലിയിൽ പ്രവേശിച്ചത് ?ഏതൊക്കെ സ്കൂളിൽ ജോലി ചെയ്തു?**



ഉ: നാട്ടിലെ ഒരു സ്കൂളിൽസ്കൂളിലാണ്  ജോലിയിൽ ആദ്യമായി പ്രവേശിക്കുന്നത്. 1987 ൽ .അത് എംപ്ലോയ്മെന്റ് ലിസ്റ്റിൽ നിന്നായിരുന്നു. 1989 ലാണ് പി.എസ്.സി കിട്ടി ബേക്കൂർ സ്കൂളിൽ ജോലിക്ക് വരുന്നത്.ഇ. റാം ഭട്ട് മാഷായാരുന്നു അന്ന് എച്ച് .എം.  .പ്രഗൽഭനായിരുന്നു അദ്ദേഹം.അബ്ദുല്ല ബ്യാരി മാഷെ യും മറക്കാൻ കഴിയില്ല.അദ്ദേഹം സംസ്കൃത ശ്ലോകമൊക്കെ ചൊല്ലിയാണ് സംസാരിക്കുക. സൗമ്യവും ദീപ്തവുമായിരുന്നു അദ്ദേഹത്തിന്റെ

സമീപനം.

അന്ന് ഞാൻ താമസിച്ചിരുന്നത് ബേക്കൂർ സ്കൂളിനടുത്തു തന്നെയായിരുന്നു;ബസ്സ്റ്റോപ്പിനടുത്ത കെട്ടിടത്തിലെ പീടിക മുറിയിൽ.വലിയൊരു ധനികനായ ഹാജിയാരുടെ കെട്ടിടമായിരുന്നു അത്. ആ ഒറ്റമുറിയിൽ ഞാൻ ഒറ്റയ്ക്കല്ല പലരുമുണ്ട് – പലതരം തൊഴിലാളികൾ. ടോയിലറ്റ് സൗകര്യം നന്നേ കുറവ്. എന്തു ചെയ്യാനാ? മെല്ലെ ബക്കറ്റുമെടുത്ത് സ്കൂളിന്റെ ബോർവെല്ലിനടുത്തേക്ക് ചെല്ലും. പൊന്തക്കാട്ടിൽ മറഞ്ഞിരുന്ന് കാര്യം സാധിക്കും.ആ പീടികമുറികൾ ഇപ്പോഴും അങ്ങത്തന്നെയുണ്ട് "ജരയും ദീനതയുമായി".

ആറ് വർഷം കഴിഞ്ഞപ്പോൾ കമ്പള സ്കൂളിലേക്ക് മാറ്റം കിട്ടി. പിന്നെ ഇവിടത്തന്നെ – ദീർഘിച്ച 24 വർഷം. അന്ന് സ്കൂളെന്ന് പറയുന്നത് ഇപ്പോഴുള്ള ഓടിട്ട ബിൽഡിംഗും മെയിൻ ബിൽഡിംഗും മാത്രം. .PWD യുടെ ഒരു വെയർ ഹൗസുംഉണ്ടായിരുന്നു ഇവിടെ. മോഹൻ ദാസ് മാഷ് എച്ച് .എം. ആയിരിക്കുമ്പോളാണ് അതു പൊളിച്ചു മാറ്റിയത്.നമ്മുടെ സുനാമി ബിൽഡിംഗ് ഉള്ളിടത്ത്.ഇന്ന് അപ്പുറത്ത് കാണുന്ന ഇടിഞ്ഞു പൊളിഞ്ഞു കിടക്കുന്ന എടുപ്പുകൾ ഉണ്ടല്ലോ, അത്ബ്രിട്ടീഷുകാർ ഉണ്ടാക്കിയ വിശ്രമഗേഹങ്ങളാണ്.ഈ അടുത്ത കാലം വരെ അതിനൊരു വാച്ച് മാൻ ഉണ്ടായിരുന്നു. നല്ല സൗകര്യവും. പിന്നീടത് ആരും തിരിഞ്ഞു നോക്കാനില്ലാതെ സാമൂഹ്യ വിരുദ്ധരുടെ കേന്ദ്രമായി മാറി. കുമ്പള അങ്ങാടി അന്നു ചെറുതാ.
ഇവിടെഎനിക്കാരോടും ഒരറ്റാഞ്ച് മെൻറും തോന്നിയിട്ടില്ല. എന്തോ ഒരു യാന്ത്രിക തയായിരുന്നു – എന്നെത്തന്നെ ആവിഷ്കരിക്കാൻ ഞാൻ വല്ലാതെ പാടുപെട്ടു.
ഒരു പാട് നല്ല കഴിവുറ്റ അധ്യാപകരുണ്ടായിരുന്നു ഇവിടെ .

**ചോ:അപ്പോൾ താമസമെവിടെയായിരുന്നു?**

കല്യാണം കഴിഞ്ഞതെല്ലേ .എന്നും വീട്ടിലെത്തണം.
വീട്ടിൽ നിന്ന് സ്കൂളിലേക്കും വൈകുന്നേരം വീട്ടിലേക്കും ട്രെയിനിലാണ് യാത്ര.ഒരൊറ്റ റെയിൽ ട്രാക്ക് .നാലു മണിക്ക് ജമ്മുതാവി എകസ്പ്രസിലാണ് തിരിച്ചു പോവുക. കാസർഗോഡ് കഴിഞ്ഞാൽ കണ്ണൂര് മാത്രമേ അതിന്സ്റ്റോപ്പുണ്ടായിരുന്നുള്ളൂ.പഴയങ്ങാടി എത്തുമ്പോൾ ചിലപ്പോൾ സ്ലോ ആക്കും. അല്ലെങ്കിൽ മറ്റ് ട്രെയിനുകൾക്ക് കടന്നു പോകാനായി സൈഡാക്കും. സ്ലോ ആക്കുമ്പോൾ ട്രെയിനിൽ നിന്ന് ചാടും. ഒരിക്കൽ ചാടുമ്പോൾ കൈ കുത്തിയാണ് വീണത്.
പിറ്റേന്ന്, കൈക്ക് ബാണ്ടേജ് ഇട്ടാണ് സ്കൂളിൽ വന്നത്.ആ സമയത്ത് അച്ചുതൻ മാഷാണ് എച്ച് .എം.ലേറ്റ് ആയാൽ പ്രശ്നമാണ്.ഒരു ദയാദാക്ഷിണ്യവും ഉണ്ടാകില്ല .കൈക്ക് പ്രശ്നമാണെങ്കിൽ ലീവെടുത്ത് വീട്ടിലിരുന്നോ എന്ന് പറയും.

**ചോ: സാറെന്നെങ്കിലും കരഞ്ഞിരുന്നോ?**

ഉ: അച്ഛൻ മരിച്ചപ്പോൾ – അമിതാഹ്ലാദവും അമിത ദു:ഖവും ഇല്ലാത്ത ആളാണ് ഞാൻ.
സമയം നാലു മണിയായി. ഞങ്ങളെഴുന്നേറ്റു. സമയം പോയതറിഞ്ഞില്ല. ഞങ്ങൾക്കറിയാം ഇതൊരു അപൂർണമായ ആവിഷ്കാരമാണെന്ന് .ഇനിയും എന്തൊക്കെയോ പറയാൻ ബാക്കി യുണ്ട്.സാറോട് നന്ദി പറഞ്ഞു.വിനീത സ്തുതികകളുമായി,നിർഭരമായ കൃതാർത്ഥതയോടെ!

****************************************

കഥ

# പോ..... പോയ് രക്ഷപ്പെട്

അവൾ ആ നിൽപ്പിൽ തന്നെയാണ്. നീണ്ട ഒരു നിൽപ്പ്. അത് ഏതാണ്ട് ഒരു മണിക്കൂറിലധികം ആയിരിക്കുന്നു. മരിച്ച ജീവിച്ച ഒരു യക്ഷിയെപ്പോലെ.
തന്റെ മുന്നിൽ നിലംപതിഞ്ഞ വീടുകളുടെ അവശിഷ്ടങ്ങൾ...................
കുത്തിയൊലിച്ച വെള്ളത്തിൽ ചെളി പൂണ്ട് മരിച്ചുവീണ ഒരു നാട്.
സത്യാവസ്ഥ പോലും ഞാനറിഞ്ഞത് കൂട്ടുകാരിൽ നിന്നാണ്. എന്റെ അച്ഛനേയും ഭൂമി കൊണ്ടു പോയി..

ഇപ്പോൾ ആ ഓർഫനേജിലെ അനേകം പെൺകുട്ടികൾക്കിടയിലെ വെറും ഒരു അനാഥപ്പെൺകുട്ടി. എന്റെ അച്ഛന് ഞാനെന്തായിരുന്നു! അവൾ ആലോചനയുടെ ആകാശക്കടലുകളിലേക്ക് വഴുതി വീണു.
"മോളേ, നീ വീണ്ടും ഇവിടെ വന്നോ? നിനക്ക് ഹോസ്റ്റലിൽ വല്ല ബുദ്ധിമുട്ടുമുണ്ടോ? എന്തേ നീയിങ്ങു പോരാൻ?"ആ അനാഥപെൺകുട്ടിയുടെ തിരിച്ചുവരവിൽ അയൽക്കാർഅതിശയിച്ചു."ഇല്ല ലക്ഷ്മ്യേടത്തി, ബുദ്ധിമുട്ടൊന്നും ഇല്ല.പക്ഷേ, പിറന്ന വീടിനേം നാടിനേം മറക്കാനൊക്കുല്ല".




"മോളേ, ഇവിടെയിനി ചേച്ചീടെ മോൾ വരണ്ട. ഇവിടെ വാസയോഗ്യമെല്ലന്നാണ് ഉദ്യോഗസ്ഥർ പറയുന്നത്.ഈ നാട്ടിൽ ഞാനെല്ലാതെ മറ്റാരും സ്വന്തം വീട്ടിൽ അവശേഷിക്കുന്നില്ല", ആ മധ്യവയസ്ക വിതുമ്പി.

"പൊന്നേ,അച്ഛനെ പിടിക്കണ്ടാ മോൾ രക്ഷപ്പെട് ".
"അച്ഛനില്ലാതെ ഞാൻ പോവൂല്ലാ".
"മോളേ, കെഞ്ചാനുള്ള സമയമല്ല. ജീവന്റെ കാര്യമാണ് പൊന്നുമോൾ അച്ഛനെയോർത്തെങ്കിലും രക്ഷപ്പെട് "
"അപ്പൊ, അച്ഛൻ".
"പോ...പോ, പോയി രക്ഷപ്പെട് "
"ഉം. പോവൂല്ല. "
അച്ഛന്റെയും മോളുടേയു തർക്കങ്ങൾക്ക് തടയിട്ട് ആ വീടിന്റെ അവശേഷിച്ച ഭാഗവും ആ അച്ഛന്റെ ശരീരത്തിലേക്ക് പാഞ്ഞുകയറി.
"അച്ഛാ..........."

"ലക്ഷ്മ്യേടത്തീ, ഞാൻ ചേച്ചിക്ക് കൂട്ടായിട്ട് ഇനി ചേച്ചീടെ വീട്ടിൽ താമസിച്ചോട്ടേ?"

"അപ്പോൾ മോൾ ഹോസ്റ്റലിൽ പോകുന്നില്ലേ?"
"ഇല്ലേ ച്ചീ, എനിക്കവിടെ ഇരിക്കപ്പൊറുതി ഇല്ലാഞ്ഞിട്ടാ ഇങ്ങോട്ട് പോന്നത്."
"ഉം, എങ്കിൽ ഇവിടെ നിന്നോ".
പോ പോയ് രക്ഷപ്പെട്
അവളെ വിട്ടുമാറാതെ പിന്തുടരുന്നു,ആ സ്നേഹനിധിയായ അച്ഛന്റെ വാക്കുകൾ!
ദുരിതാശ്വാസ കേമ്പിലേക്ക് പോകുമ്പോൾ മാറിൽ ചേർത്തു പിടിച്ചിരുന്നു, ഒരു നോട്ട് ബുക്ക്.
കയ്യിൽ കിട്ടിയ നോട്ട് ബുക്കുമെടുത്ത് ഓടിയ തനിക്ക് ആരാണ് പുതിയ
ഓണക്കോടിനൽകിയത്.ഭക്ഷണം,വസ്ത്രം.

"മോളേ, അച്ഛൻ മരിച്ചാലും മോൾ ജീവിക്കണം. മോൾ പഠിച്ച് വലിയ ഉന്നതി പ്രാപിച്ചാൽ മാത്രമേ
അച്ഛനു മനഃശ്ശാന്തി കിട്ടൂ."
"അച്ഛാ, അച്ഛനെന്ത് വിഡ്ഢിത്താ ഈ പറയണേ?
അച്ഛൻ പോയാൽ എനിക്കാരാ... മരിക്കാണേൽ ഞാനും അച്ഛറെ കൂടെ മരിക്കും", അവൾ അച്ഛനെ
കുറിച്ചു അറിയാതെ നിനച്ചു പോയി.

"എന്താ, പൊന്നേ ആലോചിക്കുന്നേ, കണ്ണൊക്കെ വല്ലാണ്ട് ചുവന്നിരിക്കുന്നല്ലോ. കഴിഞ്ഞതെല്ലാം
കഴിഞ്ഞു.അതോർത്തോണ്ടിരുന്നാൽ ഞമ്മക്ക് ജീവിക്കാനൊക്കോ."
"എന്നു വെച്ച് അതങ്ങ് പൊട്ടുന്ന നേമാക്കാൻ പറ്റോ ചേച്ചീ. എനിക്ക് ആരെയാ
നഷ്ടപ്പെട്ടതെന്നറിയോ ചേച്ചിക്ക്."
"മോളേ, അതൊക്കെ ശരി. മോൾ വലുതായി ഒരു ജോലിയൊക്കെ തരപ്പെടുത്തണ്ടേ .ഇങ്ങനെ
ആലോചിച്ചിരുന്നാ മതിയോ? ഉം, ശരിയാ."

ജീവിക്കണം',ജോലി വേണം. അച്ഛന്റെ ആഗ്രമാണല്ലോ.
ജീവിക്കാനുള്ള എല്ലാം നഷ്ടമായി.എന്നാലും ജീവിക്കണം. ജോലി വേണം. അച്ഛൻ സന്തോഷിക്കണം
സ്നേഹം തരാൻ ഇപ്പോഴും പലരുമുണ്ട്. സഹപാഠികളിൽ പലർക്കും പ്രളയം അതിജീവിച്ച ചുരുക്കം
പേരിൽ ഒരാൾ എന്ന സഹതാപവും സ്നേഹവും എന്നോട്ടുണ്ട്.ലക്ഷമ്യേടത്തിയും വല്ലാതെ
സ്നേഹിക്കുന്നു.
എങ്കിലും അച്ഛൻ?
അച്ഛനെപ്പോലെ ആർക്കാണ് സേനഹിക്കാൻ കഴിയുക
"പോ പോയി രക്ഷപ്പെട്". ആ വാക്കുകൾ ചെവിയിൽ മുഴങ്ങിക്കൊണ്ടേയിരുന്നു. ആ ഓർമ്മയിൽ
അവൾ പ്രളയ ഭൂമിയിലൂടെ നടന്നു.
എങ്ങോട്ടെന്നില്ലാതെ.

**ഫാത്തിമ നൂറ**
**VIII J**

# GLOBAL WARMING

Global warming is the greatest threat to humans and all other being including our planet. Now its a common problem . Our planet is in great danger. The main reason for this is man's cruelty towards



nature. We all are in great danger. Our planet is in danger. Global warming is risk for human life .Man is the only reason for this. He is greedy and destroys our planet by unscientific methods, disposing of waste in improper manner.

Deforestation and emitting large amount of carbon dioxide also destroy our ozone layer which is an umbrella for earth. And the use of air conditioner and refrigerator which releases CFL(Chlorofluorocarbon) which is also harmful to ozone layer. Ozone is a protective layer which prevents UV entering directly to our earth and when ozone is destroyed human life will be in great danger. And the poisonous gas releasing from factories reach our atmosphere. This is absorbed by plants when they are cut down more carbon will be deposited in the atmosphere . And makes life in danger. And thus the temperature increases.

Plastics which are not degradable in soil exists for long and thus fertility of soil decreases. The air we breath is very poisonous and harmful. Man's unscientific method of cultivation destroys water bodies and hills. Cutting of trees and buildings, levelling of

hills etc. endanger our existence. Every thing is in danger and we will suffer a lot. Man makes thousands homeless and he exploits every nature resources. The chemical fertilizers which man uses to produce more yield makes soil less fertile and all the microbes in the soil die. In the rain everything reaches the water bodies and makes water polluted and useless.

And the main effects is "what ever you do comes to you". Man here destroys the planet and why he cant think it will be return to him with a great threat. The temperature gradually increases, and no fresh air to breath because trees have been cut down. UV rays directly enter our earth which cause blindness, skin cancer death. We face water scarcity,landslideTsunami and earth quakes .

The only thing we can do is to plant more trees.We must use only recycling plastics . We should not be so late to protect our earth. Lets all take a step forward in protecting our earth and making of fuel less vehicles. Such as cycles which is good for health.Lets all together protect our earth for our future before it is getting too late"."Plant more trees breath fresh air." "Use cycle and be healthy." "Let our future be happy and save everyone." "Lets defeat this together before they defeat our earth."



"Lets together save our earth to defeat global warming which is a threat to life. And save our mother earth .Let our earth be green and fresh.

AYSHA AHAMMED (X M)

# अनुवाद

मेरी गाड़ी कई घंटे विलम्ब से चल रही थी । जब मैं अगले गंतव्य स्टेशन पर पहुंचा तो मैंने कई रिक्शा चालकों से जवाहर कॉलोनी चलने को कहा। जवाहर कॉलोनी स्टेशन से दूर पड़ती थी और रास्ता भी सुनसान था। इसलिए कोई भी रिक्शा चालक मुझे जवाहर कॉलोनी ले जाने को तैयार नहीं हुआ।


My train was moving late by many hours. When I reached my destination, I asked many autorickshaw drivers to take me to Jawahar colony.

Jawahar colony was far away from the station and the road was also silent and scary. So the autorickshaw drivers were ready to take me to Jawahar colony.

**FATHIMA THANIYA (9K)**

# നിറത്തിന്റെ ശാസ്ത്രം

-------------------------------------------



**"കറുപ്പ് ഒരു നിറം തന്നെ**


**ചെയ്തതെല്ലാം തഴമ്പിച്ചത്.**

**വെളുപ്പ്,**

**ചെയ്തതിനെഓർത്തു**

**തൊലിയുരിയുമ്പോൾ വെളിവാകുന്നത് "**

വീരാൻ കുട്ടി



മാറി വന്നിരുന്ന സാഹചര്യങ്ങൾ മനുഷ്യന് എന്നും വെല്ലുവിളിയായിരുന്നു. പരിണാമഘട്ടങ്ങളിൽ, പുതിയ സാഹചര്യങ്ങളോടു പൊരുതി വിജയിച്ചിരുന്നവർ മാത്രം നിലനില്ക്കുകയും പരാജിതർ നശിച്ചുപോകുകയും ചെയ്യുക എന്നത് (survival of the fittest), പരിണാമ നിയമമാണ്. ക്രമേണ പരാജിതരുടെ ജീനുകൾ ജീൻപൂളിൽ നിന്നു തന്നെ നീക്കപ്പെടുന്നു. അതായത്, നമ്മുടെയൊക്കെ പൂർവ്വികർ അവരവരുടെ സാഹചര്യങ്ങളിൽ വിജയിച്ചിവരാണ്.ഉത്തരേന്ത്യയെ അപേക്ഷിച്ച് ഭൂമദ്ധ്യരേഖയോട് അടുത്തു കിടക്കുന്ന ദക്ഷിണേന്ത്യയിൽ, അൾട്രാ വയലറ്റ് വികിരണങ്ങളെ അതിജീവിക്കാനായവരാണ്, പ്രകൃതിയോടുള്ള ഈ പോരാട്ടത്തിൽ വിജയിച്ചത്. അൾട്രാ വയലറ്റ് വികിരണങ്ങളെ പ്രതിരോധിക്കാൻ നമ്മെ സഹായിക്കുന്ന 'മെലാനിൻ' ത്വക്കിന് കറുപ്പു നിറം നല്കുന്നു. ചുരുക്കത്തിൽ നമ്മുടെ പൂർവ്വികരുടെ പോരാട്ടവിജയം സൂചിപ്പിക്കുന്ന അടയാളമാണ്, അവർ തന്ന കറുപ്പു നിറം....

പരിണാമം പൊന്നുപോലെ കാത്തു സൂക്ഷിച്ച നിറം.....

ഈ നിറം നമുക്കു തരുന്ന മെലാനിൻ ഇല്ലാതിരുന്ന 'വെള്ള'ക്കാർ സൂര്യതാപമേറ്റു മരിച്ചൊടുങ്ങിയപ്പോൾ, നമ്മുടെ ജീവൻ നിലനിർത്തിയ നിറം...

ആരെങ്കിലും നമ്മെ കറുത്തവരെന്നു വിളിച്ചാൽ നാം അഭിമാനിക്കുകയല്ലേ വേണ്ടത്? വിജയം എങ്ങിനെയാണ് അപമാനകരമാകുന്നത്???

**പയസ്വിനി**

**10j**

## പ്രകൃതി മനുഷ്യ കേന്ദ്രീകൃതമല്ല

പ്രപഞ്ചത്തിലുള്ളതെല്ലാം മനുഷ്യന് വേണ്ടി സൃഷ്ടിച്ചതാണെന്നൊക്കെ ചിലർ വാദിക്കുന്നത് കാണാം. യഥാർത്ഥത്തിൽ സ്വാർത്ഥതയിൽ നിന്നുണ്ടാകുന്ന ചിന്ത മാത്രമല്ലേ ഇത്!! ശരിക്കും പ്രകൃതിയിൽ എന്തെങ്കിലും മനുഷ്യന് വേണ്ടിയുള്ളതാണോ? അങ്ങനെ അല്ലെന്നാണ് കാണുന്നത്. ഗുണം മാത്രമുള്ള, അശേഷം പാർശ്വഫലം ഇല്ലാത്ത എന്താണുള്ളത്? ഒന്നുമില്ലെന്നല്ലേ കാണുന്നത്!! പ്രകൃതിയിലുള്ള ഒന്നും തന്നെ മനുഷ്യനെന്നല്ല, മറ്റൊന്നിൻറേയും സൗകര്യത്തിന് വേണ്ടി ഉള്ളതോ ഉണ്ടായതോ സൃഷ്ടിച്ചതോ അല്ല. പിന്നെയോ– ഉള്ളതിൽ പരമാവധി സൗകര്യപ്പെട്ടവ ഓരോ ജീവിയും ഉപയുക്തമാക്കി അതിജീവനം സാധ്യമാക്കുന്നു; അത്രമാത്രം.

ജലം മനുഷ്യ ജീവന് അത്യാവശ്യമാണ്. പക്ഷേ, ഒറ്റയിരിപ്പിൽ ആറ് ലിറ്റർ വെള്ളം കുടിച്ചാൽ മിക്കവാറും മരണത്തിലോ കോമയിലോ എത്തും. Water poisoning എന്നാണ് അതിനെ പറയുന്നത്. ഇത് പോലെ തന്നെ 'ജീവവായു' എന്നൊക്കെ നാം വിശേഷിപ്പിക്കുന്ന ഓക്സിജൻറെ അളവ് കുറഞ്ഞാലും കൂടുതലായാലും അപകടമാണ്. അതായത്, എല്ലാത്തിനും സുരക്ഷിതമായ ഒരു ഡോസ് ഉണ്ട്. ഈ പരിധി പരിണാമപരമായി രൂപപ്പെട്ടു വരുന്നതുമാണ്.

സസ്യങ്ങളുമായി ബന്ധപ്പെട്ട കാര്യം തന്നെ എടുക്കാം. പ്രകൃത്യാ എല്ലാ സസ്യങ്ങളിലും കുറഞ്ഞോ കൂടിയോ അളവിൽ വിഷമായനുഭവപ്പെടുന്ന രാസവസ്തുക്കളുണ്ട്. തലമുറ നില നിർത്താനുതകുന്ന പലതരം ഡിഫെൻസ് മെക്കാനിസങ്ങളുണ്ട് ഓരോ ജീവിയിലും. കീടങ്ങളേയും പ്രാണികളേയും അകറ്റി വിത്തിനേയും ചെടിയേയുമൊക്കെ സംരക്ഷിച്ച് ജീവ പരമ്പര നില നിർത്താനുതകുന്ന തരത്തിൽ രൂപപ്പെട്ട ഒരു പ്രതിരോധ സംവിധാനമാണ് സസ്യങ്ങളിലെ വിഷ പ്രയോഗം. എരിവായും പുളിയായും കൈപ്പായും ചവർപ്പായും ചൊറിച്ചിലായും മാത്രമല്ല, ലഹരിയായും തലചുറ്റലായും മരണമായും വരെ നമുക്കനുഭവപ്പെടുന്നതെല്ലാം ഈ പ്രതിരോധ രാസവസ്തു നമ്മെ ബാധികുന്നത് തന്നെയാണ്. പാവൽ, പടവലം, വെള്ളരി, മത്തൻ ചുരയ്ക്ക, പീച്ചിൽ, കോവൽ, തണ്ണിമത്തൻ, കുമ്പളം എന്നിവയിലെല്ലാം അടങ്ങിയ രാസവസ്തുവായ കുക്കർബിറ്റാസിൻ ഇതുപോലൊരു പ്രതിരോധ സംവിധാനമാണ്. പാവക്കാ ജൂസ്സൊക്കെ കഴിക്കുന്നത് അത് കൊണ്ട് തന്നെ അത്ര നന്നല്ല.

സസ്യങ്ങളുടെ തടിയും തായ് വേരും ഇലയും പൂവ്വും കായും കതിരുമൊക്കെ മനുഷ്യനടക്കം പല ജീവികളും ഭക്ഷണമാക്കുന്നു. യഥാർത്ഥത്തിൽ പ്രകൃതി, മനുഷ്യനും ഇതര ജീവികൾക്കും വേണ്ടി വെട്ടി വിഴുങ്ങാൻ പടച്ചതൊന്നുമല്ല ഇവയൊന്നും എന്ന് മനസിലാക്കുക.
സസ്യങ്ങൾ അവയുടെ അതിജീവനത്തിന് ആവശ്യം വരുമ്പോൾ ഉപയോഗിക്കാനായി വേരിലും തടിയിലും മറ്റുമായി ശേഖരിച്ച് കൂട്ടുന്ന അവയുടെ ജീവോപാതികളാണ് കിഴങ്ങ് ഫലമൂലാധികൾ എന്നൊക്കെ പേരിട്ട് നാം തട്ടിയെടുക്കുന്നത്. ഇങ്ങനെ മറ്റു ജീവികൾ തട്ടിയെടുക്കാതിരിക്കാനായി സസ്യങ്ങൾ അവയുടെ സ്വയം പ്രതിരോധത്തിൻറെ ഭാഗമായി വിഷവും അതിൽ ചേർക്കുന്നു. എന്ന് വെച്ചാൽ; തന്നെ ആക്രമിക്കാൻ വരുന്നവനെ തട്ടിക്കളയാം എന്ന പ്രതിരോധ ബുദ്ധിയോടെ മനപ്പൂർവ്വം ചെയ്യുന്നതൊന്നുമല്ല കെട്ടോ. കാലാന്തരത്തിൽ സംഭവിക്കുന്ന പടി പടിയായ പരിണാമ ഫലമായി ആക്രമിക്കാനെത്തുന്ന

ജീവികൾക്ക് അസ്വസ്ഥതയുണ്ടാക്കാനുതകുന്ന കെമിക്കലുകൾ രൂപപ്പെട്ടവ നിലനില്ക്കുന്നു; അല്ലാത്തവ കാലക്രമേണ കീടങ്ങളുടെ ആക്രമണം മൂലം പതുക്കെ ഭൂമുഖത്തുനിന്ന് അപ്രത്യകഷമാകുന്നു; അത്രേ ഉള്ളൂ. ഈ വിഷ പ്രയോഗം ഇല്ലെങ്കിൽ പ്രകൃതിയിൽ അതിജീവിക്കുക ചെടികൾക്ക് അസാധ്യമാവും. മൃഗങ്ങളെ പോലെ അവക്ക് ഓടി രക്ഷപെടാനാവില്ലല്ലോ. സൂക്ഷമ ജീവികൾക്കെതിരേയും ഷഡ്പദങ്ങൾക്കെതിരെയും, പിന്നെ ഇല തിന്നുന്ന മൃഗങ്ങൾക്കെതിരെയും, കൂടെ മത്സരിക്കുന്ന മറ്റു ചെടികൾ ക്കെതിരെയും ആണ് ചെടികളുടെ ഈ രാസായുധ പ്രയോഗം.

ഈ പ്രതിരോധ ആയുധങ്ങൾ മറ്റുള്ള ഓരോ ജീവിയേയും സംബന്ധിച്ച് ദുർബലവമോ ചിലവ മാരക വിഷമോ ആവാം. ചായചെടിയായാലും പുകയിലചെടിയായാലും കഞ്ചാവ് ചെടി ആയാലും മറ്റേത് സസ്യമായാലും അതിനെ ആക്രമിക്കാൻ വരുന്ന കീടങ്ങളെ പ്രതിരോധിക്കാൻ ആ സസ്യങ്ങൾ സ്വയം ഉൽപ്പാദിപ്പിക്കുന്ന ഈ കീടനാശിനികൾ (വിഷം) തന്നെയാണ് ജൈവ കീടനാശിനിയായും ലഹരി വസ്തുവായും ഔഷധമായുമൊക്കെ നാം ഉപയുക്തമാക്കുന്നത്. ചില സസ്യങ്ങളിലെ ഔഷധ ഗുണം എന്ന് നാം കാണുന്നത് ആ സസ്യം അതിനെ ആക്രമിക്കുന്ന കൃമി കീടങ്ങളിൽ നിന്നു രക്ഷപെടാനുണ്ടാക്കിയ വിഷ പദാർത്ഥ മാണ്. നിയന്ത്രിത അളവിൽ ഔഷധമായും കൂടിയ അളവിൽ വിഷമായുമൊക്കെ സസ്യങ്ങളിലെ ഈ കെമിക്കലുകൾ നമുക്ക് ഉപയോഗപ്പെടുത്താനാവും.

നമ്മൾ കഴിക്കുന്ന ആപ്പിളിന്റെ കുരുവിന്റെ അകത്തും ചെറിയ അളവിൽ സയനൈഡ് എന്ന വിഷം ഉണ്ട്. ഏകദേശം ഇരുപത് ഇരുപത്തഞ്ച് ആപ്പിളിൽ ഉള്ള കുരുക്കൾ ഒന്നിച്ച് ചവച്ചരച്ചു കഴിച്ചാൽ ഒരുമാതിരി പെട്ടവനൊക്കെ പെട്ടും!! ഒരോ കുരുവിലുമുള്ള ഈ ചെറിയ അളവു വിഷം ചെറിയ പ്രാണികൾക്കും, കീടങ്ങൾക്കും ഒക്കെ മാരകമാണ്. ആപ്പിൾ കുരുവിൽ മാത്രമല്ല പെയർ, ചെറി, പ്ലം, പീച്ച് തുടങ്ങിയ പഴങ്ങളുടെ കുരുവിലും ഇതേ പോലെ വിഷമുണ്ട്. കുന്നിക്കുരുവിൽ അബ്രിൻ (Abrin) എന്നൊരു രാസവസ്തു ഉണ്ട്. ഇതും ഒരു മാരക വിഷമാണ്.
ഇത് പോലെ കടുത്ത വിഷജന്യമായ സസ്യങ്ങൾ വേറെയുമുണ്ട് ആവണക്ക്, ഉമ്മം, ഒതളങ്ങ, കോളാമ്പിചെടി. ഇവയൊക്കെ കഴിച്ചു ആത്മഹത്യ ചെയ്ത വാർത്തയൊക്കെ പലപ്പോഴായി കേട്ടിട്ടില്ലേ!! പൂന്തോട്ടങ്ങളിൽ വളർത്തുന്നവയിൽ ഏറ്റവും വിഷമുള്ള ചെടികളിൽ ഒന്നാണ് അരളി. പൂജാദി കർമ്മകങ്ങൾക്ക് ഇത് ഉപയോഗിക്കാറുണ്ട്. ഇതിൻറെ പൂവും, ചെടിയും, തണ്ടും, വേരും എല്ലാം ഉഗ്രവിഷം ആണ്.

ഉരുളക്കിഴങ്ങിലെ വിഷമാണ് സൊളാനിൻ. ചെറിയ അളവിൽ എല്ലാത്തരം ഉരുളക്കിഴങ്ങിലും ഇത് കാണാറുണ്ട്. സയനൈഡ് വിഷമാണെന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ. മരച്ചീനി (കപ്പ)കൂടുതലായി കഴിച്ചാൽ അതിലടങ്ങിയിരിക്കുന്ന സയനൈഡ് നമ്മെ പ്രതികൂലമായി ബാധികുന്നത് കൂടുതലായി കഴിച്ച പലർക്കും ചെറിയ തോതിലെങ്കിലും അനുഭവപ്പെട്ടിട്ടുണ്ടാവും. മാരക വിഷമാണ് ആഴ്സെനിക്. അരിയിൽ ആഴ്സെനിക് അടങ്ങിയിട്ടുണ്ടെങ്കിലും മനുഷ്യന് ദോഷകരമായ അളവിലില്ലെന്ന് മാത്രം. അരിയിലെ തവിടിലാണത്രേ ഇത് കൂടുതൽ. അപ്പോൾ അരി ഭക്ഷണം കൂടുതലായി കഴിക്കുന്നതും നമ്മെ ചെറിയ തോതിൽ ബാധിക്കുന്നുണ്ടാവണം. അധികമായാൽ അമൃതും വിഷം എന്നാണല്ലോ. അപ്പോൾ അത് കഞ്ഞി വെള്ളമായാലും അങ്ങനെതന്നെ.
പക്ഷേ, ഇവയൊക്കെ കീടങ്ങളെ അപേക്ഷിച്ച് ഇമ്മിണി വല്യ ജീവിയായായ മനുഷ്യന് മിതമായ അളവിൽ കഴിക്കുന്നത് കൊണ്ട് വലിയ ദോഷമൊന്നുമില്ല. അളവു കൂടുമ്പോൾ ആണ് പ്രശ്നം. ടോക്സിസിറ്റി ഡോസുമായി ബന്ധപ്പെട്ടിരിക്കുന്നു. കഴിക്കുന്ന

അളവിനനുസരിച്ചിരിക്കും പണി കിട്ടാനുള്ള സാധ്യത. അതായത് ഒരു വസ്തുവിൻറെ വിഷ സ്വഭാവം നമ്മുടെ ശരീത്തിൽ അനുഭവപ്പെടുന്നത് ആ പദാർത്ഥത്തിൻറെ മാത്ര അനുസരിച്ചിരിക്കും. ഡോസ് ആണ് ഒരു വസ്തുവിൻറെ വിഷലിപ്തത തീരുമാനിക്കുന്നതെന്നത് കെമിസ്ട്രിയുടെ അടിസ്ഥാന നിയമമാണ്. എന്ത് എങ്ങനെ എത്ര അളവിൽ ശരീരത്തിനകത്താകുന്നു എന്നതിനെ ആശ്രയിച്ചിരിക്കും വസ്തുവിൻറെ ഔഷധ വിഷ ഭാവങ്ങൾ. പച്ചക്ക് കഴിക്കുമ്പോൾ വിഷ ഭാവം കൂടുതലുള്ള ചിലത് വേവിക്കുമ്പോൾ വിഷ പദാർത്ഥം വിഘടിച്ച് നഷ്ടമാകുന്നു. കുറഞ്ഞ അളവിൽ നിർഗുണനായ വസ്തു മിതമായ കൃത്യ അളവിൽ ഔഷധവും കൂടിയ അളവിൽ വിഷവുമായും പ്രവർത്തിക്കാം.

ഇന്ന് നാം ഭക്ഷിക്കുന്ന ധാന്യങ്ങളും ഒട്ടുമിക്ക ഫലവൃക്ഷങ്ങളും പച്ചക്കറികളും പ്രകൃതിയുടെ സ്വാഭാവിക രീതിയിലുണ്ടായതല്ല. അവയെല്ലാം മനുഷ്യൻ സെലക്റ്റീവ് ബ്രീഡിങ്ങ് വഴി സൃഷ്ടിച്ചെടുത്തതാണ്. പ്രകൃതിയുടെ സ്വാഭാവിക പരിണാമത്തിൽ ഇടപെട്ട് കൃത്രിമമായി ഉല്പാദിപ്പിക്കപ്പെട്ടവയാണ്.
ചില പ്രത്യേക മ്യൂട്ടേഷനുകൾ കാരണം വിഷം കുറഞ്ഞ ചെടികൾ പ്രകൃതിയിൽ നിന്ന് നമ്മൾ കണ്ട് പിടിച്ചാണ് കഴിക്കാൻ കൊള്ളാവുന്ന ചെടികൾ വൻ തോതിൽ വളർത്തി തുടങ്ങിയത്. ഓരോ തലമുറയിലും ഇത് ആവർത്തിച്ച് വിഷാംശം ഒട്ടുമില്ലാത്ത വെറൈറ്റികൾ മാത്രം കൃഷി ചെയ്യുന്നു.
കാട്ടുചെടികൾ ഒന്നും അതിന്റെ വന്യ രൂപത്തിൽ കഴിക്കാൻ കൊള്ളില്ല.
തലമുറകളോളം ഈ രീതിയിൽ കൃഷി ചെയ്ത ചെടികൾ വന്യമായി വളരുന്ന ചെടികളേക്കാൾ വളരെയധികം വ്യത്യസ്തമായി. ഇന്ന് നമ്മൾ കഴിക്കുന്ന മിക്ക പച്ചക്കറികളുടേയും യഥാർത്ഥ കാട്ടുരൂപങ്ങൾ കണ്ടാൽ പരസ്പരം തീർത്തും തിരിച്ചറിയാൻ പോലും സാധിക്കാത്ത തരത്തിൽ മാറ്റമുണ്ടായതായി കാണാൻ സാധിക്കും.

പ്രകൃത്യാ ഉള്ള എല്ലാ സസ്യങ്ങളിലും വിഷമുണ്ട്. പച്ചക്കറി പഴ കിഴങ്ങ് വർഗ്ഗങ്ങളിലെല്ലാമതുണ്ട്. പക്ഷേ, ഇവയിൽ പലതും നാം കഴിക്കുന്നുമുണ്ട്, എന്നിട്ടും കാര്യമായ പ്രശ്നമൊന്നുമില്ലാത്തതിന് കാരണം മനസിലായില്ലേ!!

പ്രകൃതി ജീവനക്കാർ പറയുന്നത് പോലെ ശരിക്കും പ്രകൃതിയിലേയ്ക്ക് മടങ്ങിയാൽ, അധികകാലം ആയുസുണ്ടാവില്ല. പ്രാകൃത കാലത്തെ മനുഷ്യന് കഴിക്കാൻ കൊള്ളാവുന്നവയായി വളരെ കുറച്ച് സാധനങ്ങളേ കിട്ടിയിരുന്നുള്ളൂ എന്നൊന്നും അവരോർക്കാറില്ല. പക്ഷിമുട്ടകളും ഏതാനും കിഴങ്ങുകളും പഴങ്ങളും പെരുച്ചാഴി പോലത്തെ ജീവികളുടെ മാംസവുമൊക്കെയായിരുന്നു പ്രകൃതി മനുഷ്യൻറെ അന്നത്തെ ഭക്ഷണം. ചേമ്പും ചേനയുമൊക്കെ തീ ഉപയോഗിക്കാത്ത കാലത്ത് കഴിക്കാനാവുമായിരുന്നോ.!! ഇന്ന് നാം കഴിക്കുന്ന ഫലമൂലാതികളൊന്നും പ്രകൃത്യാ ഉള്ളതല്ലെന്നും പ്രകൃതിയുടെ സ്വാഭാവിക പരിണാമത്തിലിടപെട്ട് മനുഷ്യൻ കൃത്രിമമായി ഉത്പാതിപ്പിച്ചവയാണെന്നും മനസിലാക്കിയാൽ മതി പ്രകൃതിജീവനത്തിലെ കോമഡി മനസ്സിലാക്കാൻ.
സസ്യങ്ങളിലെ ഈരാസായുധ പ്രയോഗങ്ങളെ കുറിച്ച് വലിയ ബോധമില്ലാതെ ഇലയും വേരും തൊലിയുമൊക്കെ ആയുർവേദം എന്ന പേരിൽ ഇടിച്ച് പിഴിഞ്ഞ് സേവിക്കുന്നവർ സൂക്ഷിക്കുക. വേണ്ടരീതിയിലുള്ള toxicity പഠനങ്ങളോ clinical trials ഉം നടത്തുന്നില്ല ആയുർവേദത്തിൽ.. . ചിന്തിക്കുന്നവർക് ദൃഷ്ടാന്തമുണ്ട്.
സമ്പാദനം
അംഹിദ്

കഥ

# കാലാന്തരം

മാഷേ,മാഷേ
വിളി കേട്ട് ഗോപാലൻ മാസ്റ്റർ തിരിഞ്ഞ് നോക്കി.ബസ്റ്റോപ്പിൽ ബസ് കാത്തു നിൽക്കുന്ന പാർവതി ടീച്ചറാണ് തന്നെ വിളിക്കുന്നത് .
ബസ് കാത്തു നിൽക്കുന്ന വേവലാതിയും എന്തോ പറയുവാൻ വെമ്പുന്ന കണ്ണുകളും അവരുടെ മുഖത്തു വ്യക്തം .
മാഷുടെ ചിന്തകൾ ഒരു നിമിഷം ഇരുപത് കൊല്ലം പുറകോട്ടു പോയി .

അപ്പോഴേക്കും ടീച്ചർ അടുത്തെത്തിക്കഴിഞ്ഞു.

മകളുടെ വിവാഹമാണ് അടുത്ത മാസം ഒന്നിന് .മാഷ് വരണം.ടൗണിൽ സ്വയംവര ഓഡിറ്റോറിയത്തിൽ വെച്ചാണ് വിഹാഹം.
അവൾക്ക് എം എ ക്ക് ഫസ്റ്റ് റാങ്ക് ഉണ്ട്.
ഒറ്റ ശ്വാസത്തിൽ പറഞ്ഞുതീർത്ത് ടീച്ചർ ബസിനടുത്തേക്കോടി .

ഗോപാലൻ മാസ്റ്റർ ടീച്ചർ പോയ വഴി നോക്കി.
മനസ്സ് ഇരുപത് വർഷം പുറകിലേക്കു താളുകൾ മറിച്ചു.

കൈക്കുഞ്ഞുമായി മകളെയും പിടിച്ച് ഒന്നാം ക്ലാസ്സിലേക് വന്ന പാർവതിയുടെ മുഖം തെളിഞ്ഞു നില്കുന്നു. പ്രായത്തിൽ കവിഞ്ഞ പ്രകൃതം. ദൈന്യതയാർന്ന മുഖം. ഓജസ്സും ഊർജവും നഷ്ട്ടപ്പെട്ടുകൊണ്ടിരിക്കുന്ന ഒരു മെലിഞ്ഞ ശരീരം.യോഗ്യതകൾ ഉണ്ടായിട്ടും ജോലി കിട്ടാതെ പ്രതീക്ഷകൾ നഷ്ടപെട്ട ഒരു നാട്ടിൻപുറത്തുകാരി.

ഭർത്താവ് ഭാസ്കരൻ സർക്കാർ ഉദ്യോഗസ്ഥൻ.എല്ലാം ദുശീലങ്ങളുടെയും ഉറവിടം -മദ്യപാനം, പുകവലി കൂട്ടുകെട്ട് ...
അർധരാത്രിവരെയുള്ള പാർവതിയുടെ കാത്തിരിപ്പ് ഒരു പതിവ് ദിനചര്യ.



സ്കൂളിൽ മക്കളെയും കൂട്ടി വരുന്ന പാർവതി എന്നും സങ്കടത്തിന്റെ കെട്ടഴിക്കും മാഷുടെ മുമ്പിൽ..ചെറുപ്പത്തിലേ മധ്യവയസ്കയുടെ കോലം...
എപ്പോഴും മാഷ് സാന്ത്വനവും പ്രചോദനവുമായി പ്രതീക്ഷകൾ പകർന്നുകൊണ്ട് ആശ്വാസ വാക്കുകൾ നൽകി. പാർവതിക്ക് ആശ്വാസത്തിന്റെ ഒരു തുരുത്തായി മാഷുടെ വാക്കുകൾ.

ഒന്നാം ക്ലാസ്സിലെ കസൃതിക്കുടുക്ക രേണുക മാഷുടെ പൊന്നോമനയായി. കാലം ഇരുപത് വർഷം കഴിഞ്ഞു. പാർവതി സ്കൂൾ ടീച്ചറായി.



സ്ഥാലമാറ്റങ്ങൾക്കിടയിൽ കാലത്തിന്റെ കിതപ്പ് മാഷുടെ ഓർമകൾക്ക് ജരാനരകൾ പകർന്നിരിക്കുന്നു.

ഏതായാലും കല്യാണത്തിന് പോകണം എല്ലാവരെയും ഒന്ന് കാണണം. പഴയ കുട്ടികളെ, രക്ഷിതാക്കളെ ,സുഹൃത്തുകളെ ... അഭിമാനത്തോടെ മാഷ് ഓഡിറ്റോറിയത്തിലെത്തി . ആരും മാഷെ തിരിച്ചറിഞ്ഞില്ല . ഓടിവരുന്ന ശിഷ്യർ വെറും സ്വപ്നമായി.

പാർവതി ടീച്ചറെ ദൂരത്തു നിന്ന് ഒന്ന് കണ്ടു. അവർ തിരക്കിലാണ്. ഭാസ്കരനും.

എവിടെയും അപരിചിതത്വം.

ഏകനായി ആരോടും മിണ്ടാതെ ഒരു കസേരയിൽ ഇരുന്നു.

കുറച്ച് സമയത്തിന് ശേഷം അവിടെനിന്ന് ഇറങ്ങുമ്പോൾ മാഷുടെ മനസ്സ് സ്വയം മന്ത്രിച്ചു:

വേണ്ടായിരുന്നു....വരേണ്ടായിരുന്നു.കാല മാറുന്നു,മനുഷ്യർ മാറുന്നു ........
സൂര്യൻ ഉച്ചസ്ഥായിയിൽ അതിന്റെ തീവ്രത കൂട്ടിക്കൊണ്ടിരിന്നു.

കാഴ്ച്ചക്കപ്പുറത്ത് മരുപ്പച്ചകൾ തല ഉയർത്തുന്നു.

**രമേശൻ മാസ്റ്റർ**
**സ്റ്റാഫ് സെക്രട്ടറി**

********************************

# ಮಾತು



ಮಾತು ಎಂಬ ಪದವು ಎರಡಕ್ಷರದಿಂದ ಕೂಡಿದ್ದರೂ, ಅದಕ್ಕೆ ಅದರದ್ದೇ ಆದಂತಹ ವಿಶಿಷ್ಟ ಸ್ಥಾನ -ಮಾನ, ಗುಣ ವಿಶೇಷತೆಗಳಿವೆಂಬುದರಲ್ಲಿ ಎರಡು ಮಾತಿಲ್ಲ. ಜೀವಿಗಳಲ್ಲಿ ಮನುಷ್ಯನಿಗೆ ಮಾತ್ರವೇ ವಿಶಿಷ್ಟವಾಗಿ ಸಿಕ್ಕಿರುವ ಬಹುದೊಡ್ಡ ಕೊಡುಗೆಯಾಗಿದೆ ಈ ಮಾತು . ಇದು ಮನುಷ್ಯನ ಜೀವನದ ಪ್ರಮುಖ ಅಂಗವಾಗಿದೆ. ಒಬ್ಬ ಮನುಷ್ಯನ ವ್ಯಕ್ತಿತ್ವವನ್ನು ಆತನ ಮಾತಿನಿಂದ ಅಳೆಯಬಹುದು. ಆದುದರಿಂದ ಮಾತನಾಡುವಾಗ ಸದಾ ಎಚ್ಚರಿಕೆ ಜಾಗರೂಕತೆಯಿಂದಲೇ ವ್ಯವಹರಿಸಬೇಕಾಗುತ್ತದೆ . ಆದುದರಿಂದಲೇ ಬಲ್ಲವರು ಮಾತಿನ ಬಗ್ಗೆ ಅನೇಕ ಅರ್ಥವತಾದಂತಹ ವಿಚಾರಗಳನ್ನು ತಿಳಿಸಿದ್ದಾರೆ.

'ಮಾತು ಆಡಿದರೆ ಹೋಯ್ತು, ಮುತ್ತು ಒಡೆದರೆ ಹೋಯ್ತು' ಎಂಬ ಧ್ಯೇಯವಾಕ್ಯವು ಮಾತಿನ ಬಗ್ಗೆ ಸರಳವಾದ ಅರ್ಥವತಾದಂತಹ ವಿಚಾರವನ್ನು ತಿಳಿಸುತ್ತದೆ . ನಾಲಿಗೆಯಿಂದ ಒಮ್ಮೆ ಆಡಿದ ಮಾತನ್ನು ಕೈಯಿಂದ ಒಮ್ಮೆ ಒಡೆದು ಹೋದ ಮುತ್ತನ್ನು ಮತ್ತೆ ಎಂದಿಗೂ ಸರಿಜೋಡಿಸಲು ಅಸಾಧ್ಯ. ಆದುದರಿಂದ ಇತರರಿಗೆ ಅಂಕಿತವಾಗುವ ನೋವಾಗುವಂತಹ ಮಾತನ್ನು ಆಡುವುದು ಯೋಗ್ಯವಲ್ಲ. ಮಾನವನ ಜೀವನದ ಪ್ರಮುಖ ಘಟ್ಟಗಳಾದಂತಹ ಶೈಶವ,
ಬಾಲ್ಯ, ಮುಪ್ಪು ಈ ಘಟ್ಟಗಳಲ್ಲಿ ಮೊದಲ ಹಂತದಲ್ಲಿಯೇ ಮಗುವಿಗೆ ಪೋಷಕರು ಉತ್ತಮ ನಡೆ -ನುಡಿಯನ್ನು ಕಳಿಸುವುದು ಯೋಗ್ಯ .

ಮನೆಯೇ ಮೊದಲ ಪಾಠ ಶಾಲೆ', ' ತಾಯಿಯೇ ಕಣ್ಣಿಗೆ ಕಾಣುವ ದೇವರು ಎಂಬ '-ಎಂಬ ವಿಚಾರವನ್ನು ಮೊದಲ ಹಂತದಲ್ಲಿ ತಿಳಿಸುವ ಕೆಲಸ- ಕಾರ್ಯ ಇಂದಿನ ಸಮಾಜದಲ್ಲಿ ನಡೆಯಬೇಕಾಗಿದೆ. 'ಮಾತು ಬೆಳ್ಳಿ, ಮೌನ ಬಂಗಾರ', ಎಂಬ ಯುಕ್ತಿಯು ಮಾತಿನ ಮೌಲ್ಯವನ್ನು ಮತ್ತಷ್ಟು ವಿಸ್ತರಿಸುವಂತೆ ಮಾಡುತ್ತದೆ. ಜಾನಪದ, ವಚನ, ದಾಸ ಸಾಹಿತ್ಯಗಳಲ್ಲಿಯೂ ಮಾತಿನ ಬಗ್ಗೆ ಹಲವಾರು ವಿಚಾರಾಧಾರೆಗಳ ಸುರಿಮಳೆಯನ್ನೇ ಪ್ರಮುಖವಾಗಿ ಕಾಣಬಹುದು. ಒಟ್ಟಿನಲ್ಲಿ ಮನುಷ್ಯನಿಗೆ ಮಾತ್ರವೇ ಸಿಕ್ಕಿರುವಂತಹ ಒಂದು ಅಮೂಲ್ಯವಾದ ನಿಧಿಯೇ ಮಾತು. ಇದನ್ನು ಸೂಕ್ತವಾದಂತಹ ಸ್ಥಳ ಕಾಲ ಮಾನಗಳನ್ನು ಅರಿತು ಉತ್ತಮ ರೀತಿಯಿಂದ ವ್ಯವಹರಿಸುವುದೇ ಯೋಗ್ಯ.

SUJITH KUMAR
HSA KANNADA

# ಚುಟುಕು

## ಮರ

ಮರ ಮರ ಮರ
ದೊಡ್ಡ ಮಾವಿನ ಮರ
ಮರ ಒಂದು ವರ
ಹೆಚ್ಚಿದೆ ಮಾವಿನ ದರ



## ಮಳೆ

ಬಂತು ನೋಡು ಮಳೆ
ತಂಪಾಯಿತು ಈ ಇಳೆ
ಚೆನ್ನಾಗಿ ಬೆಳೆಯಿತು ಬೆಳೆ
ತುಂಬಿ ಹರಿಯಿತು ಹೊಳೆ

RAKSHITHA
9 c division

# ಚಂದ್ರನ ಉದಯ

ಆದಿತ್ಯನು ಮುಳುಗುವ ವೇಳೆಯಲಿ
ಚಂದಿರ ಬಂದನು ಸ್ವಾಗತಿಸಿರಿ
ಸಂತಸವನ್ನು ಚೆಲ್ಲುತಲಿ
ಅಂದದ ಕಿರುನಗೆ ಬೀರುತಲಿ
ಬಂದನು ಬಾನಲ್ಲಿ



ತಾರೆಯ ರಾಜ ಚಂದ್ರಮ
ಹುಣ್ಣಿಮೆಯ ಆ ರಾತ್ರಿಯಲಿ
ಹಾಲಿನ ಬಣ್ಣದ ಬೆಳುಪಿನಲಿ
ರಾತ್ರಿ ಬಾನಿಗೆ ವಿದ್ಯುತ್ ದೀಪ
ಆಗುವನು ಇಂದು ಚಂದಿರನು
ಬೆಳದಿಂಗಳ ಚಂದ್ರಮನು

ಅಳುವ ಮಗುವ ಚಂದ್ರನ ತೋರಿಸಿ
ತಾಯಿಯು ಕೈ ತುತ್ತನ್ನು ಉಣಿಸುವಳು
ಶಶಿಯು ತಾನು ಅಂದದಿ ನಗುತಲಿ
ನಮ್ಮನ್ನು ಕೂಡ ನಗಿಸುವನು

BHAGYALAKSHMI
VIII B division

# ಚಿಣ್ಣರ ವೇದಿಕೆ

ಕನ್ನಡತನದ ಕಂಪನು ಸೂಸುತ
ವಿದ್ಯಾರ್ಥಿಗಳ ಸುಪ್ತ ಪ್ರತಿಭೆಗೆ
ಬೆಳಕನು ನೀಡಿ ಧೈರ್ಯವ ತುಂಬುವ
ಜ್ಞಾನದ ವೇದಿಕೆ ಸಾಹಿತ್ಯ ಸಭೆ
ಬೆಳಗಲಿ ಬೆಳಗಲಿ ಅನುದಿನವೂ

ಅರಿವಿನ ಬಾಗಿಲ ಬೆಳಕನು ಸುರಿಸುವ
ಚಿಣ್ಣರ ಮನಕೆ ಹರುಷವ ನೀಡುವ
ನಾಯಕತ್ವದ ಗುಣವನು ಬೆಳೆಸುವ
ರಂಗದ ವೇದಿಕೆ ಸಾಹಿತ್ಯ ಸಭೆ

ಬೆಳಗಲಿ ಬೆಳಗಲಿ ದಿನ ದಿನವೂ
ಬುದ್ಧಿಶಕ್ತಿಯ ವೃದ್ಧಿಸುವಲ್ಲಿಯೂ
ನಗೆಯ ಸಿಹಿಯನು ಪಸರಿಸುವಲ್ಲಿಯೂ
ಸೌಹಾರ್ದತೆಯನ್ನು ಸಾರುವಲ್ಲಿಯೂ
ಅಂದದ ವೇದಿಕೆ ಸಾಹಿತ್ಯ ಸಭೆ
ಬೆಳಗಲಿ ಉಳಿಯಲಿ ಕ್ಷಣ ಕ್ಷಣವೂ

SUJITH KUMAR
HSA KANNADA

# MY LONELY FRIEND

You are the glitters of our universe
you are the glittering like a star
when the sunlight fall on.....
you gives cool breeze to us

But i think you are dangerous too...
sometimes you are very cool
and sometimes you are very very strong
I love your sounds,
I love your waves,
but don’t make us destroyed
with your storm...

When i feel lonely
I see...you see....
you make me time pass
While i am sitting in the sea shore
You make me peacefully and happy.....

I mean that
You are not a disturb and not a friendly...
but i love you...
And your role in the earth too...

Abdul Afham
VIII N

# राम के चरणों में




करती हूं ,तुलसी को प्रणाम ।
लोक भाषा में लिखकर आप
किया आकृस्ट जनता का ध्यान
परिस्थितियों ने बनाया उसे
उच्च चिंतनवाला , कर दिया
व्यक्तित्व को विस्तृत ।

जीवन में थे असंतोष
सामाजिक आर्थिक तो भी
प्रदान की क्षमता उसे
परिस्थितियों ने सदा
जीवन पंक से ऊपर उठने !
मन रस को काव्य की भाषा
वसन थे राम नाम , कविता नारी
व्यक्तित्व की गंगा और कृतित्व की यमुना
हो गयी एकाकार श्रीचरणों में
राम के !

**KAMALAKSHI**
HSA HINDI

# വേണം നമുക്കൊരു പുതിയ ഭൗമസദാചാരം

**പ**ണ്ട് നമ്മുടെ ഗ്രാമങ്ങൾ ക്ക് ആർദ്രമായൊരു പച്ചപ്പായിരുന്നു. പൂക്കളും ഇലകളുമായിരുന്നു അന്നു നമ്മുടെ കളിപ്പാട്ടങ്ങൾ. പൂക്ക ളും വള്ളികളും നമ്മുടെ വഴിയോരങ്ങളിലെ അലങ്കാ രങ്ങളായിരുന്നു. പെരും മഴ, കവിഞ്ഞൊഴുകുന്ന തോടുക ളും കൊച്ചരുവികളും, മഴയ് ക്ക് ശേഷമുള്ള പ്രശാന്തത, സാന്ദ്രമായൊരു തണുപ്പ് , – തളിരുകൾ, മരങ്ങളിൽ നിറ യുന്ന പക്ഷികളുടെ കലപി ലകൾ, പൂമ്പാറ്റകൾ, തുമ്പി കൾ, നിശ്ശബ്ദതയിൽ അരിച്ചു



വരുന്ന ചില പക്ഷികളുടെ കുറുകൽ, സുഗന്ധികളായി പൂക്കളും ചെടികളും, പ്രഭാത ങ്ങളിൽ മഞ്ഞുതുള്ളി വീണു കിടക്കുന്ന പുൽവരമ്പുകൾ, രാത്രിയിൽ കസവു തുന്നുന്ന മിന്നാമിനുങ്ങുകൾ തുട ങ്ങി സൗന്ദര്യങ്ങളുടെ ഒരു സാക്ഷാത്കാരമായിരുന്ന നമ്മുടെ ഗ്രാമങ്ങൾ . പ്രകൃതി മനുഷ്യന് ചൂഷണം ചെയ്യാ നുള്ള വിഭവമായി മാറുന്നത് വ്യാവസായിക വിപ്ലവത്താ ടുകൂടിയാണ്. പ്രകൃതിയിൽ നിന്നുള്ള അന്യവത്ക്കരണമാ യിരുന്നു അത്. വരളുന്ന നദി കളായി, വിഷമയമായ ജലമാ യി, കുടിവെള്ള ക്ഷാമമായി, കൃഷി നാശമായി, വിഷവായു വായി പരിസ്ഥിതി കടന്നു വരുന്നത് അങ്ങനെയാണ്.

നിലവിലുള്ളസമൂഹത്തിന്റെ പൊതു ബോധത്ത സൃഷ്ടിച്ചെടുക്കുന്നതും നിയന്ത്രിക്കുന്നതും ഇന്ന് ലോകം നിയന്ത്രിക്കുന്ന ക്യാപിറ്റലിസമാണ്. നമ്മുടെ വികസന സങ്കല്പം എന്നത് ലോകമുതലാളിത്തം മു ന്നോട്ട് വയ്ക്കുന്ന വികസന മാതൃകകളാണ് . വിഭവങ്ങൾ ധൂർത്തടിച്ചുള്ള വികസന കാഴ്ചപ്പാടാണത്. മുതാളിത്ത വികസന മെന്നാൽ ആസൂത്ര മല്ല; വൻ തോതിലുള്ള മൂല ധനത്തിന്റെ കൈ മാറ്റമാണ്. അതായത് മാർക്കറ്റിന്റെ വളർ ച്ച യാണത് ഉന്നം വയ്ക്കുന്ന ത്. പ്രകൃതിയെ ചൂഷണം ചെയ്ത് എത്രത്തോളം ലാഭം ഉണ്ടാക്കാം എന്നതു മാത്രമാ ണ് അതിന്റെ ലക്ഷ്യം, ക്യാപി റ്റലിസം എന്നത് നമുക്ക് പുറ ത്ത് വിദൂരമായി കിടക്കുന്ന ആഗോള കുത്തകകളാലും സാമാജ്യത്വ ശക്തികളാലും മാത്രം നിയന്ത്രിക്കപ്പെടുന്ന ഒരു സാമ്പത്തിക സംവിധാ നമല്ല. മറിച്ച്, അത് ഒരായിരം ആവശ്യങ്ങളാലും ആഗ്രഹ ങ്ങളാലും ആർത്തികളാലും ഒരിക്കലും തൃപ്തമാക്കാൻ കഴിയാത്ത തിളക്കുന്ന മനസ്സി

ന്റെ വിപുലനം കൂടിയാണത്. അതായത്, സ്വാർത്ഥതയും ഭോഗാസക്തിയും നിറഞ്ഞ മനുഷ്യപ്രകൃതിയുടെ സാ മ്പത്തിക യുക്തി കൂടിയാണത്.

ഇതിനെതിരെയുള്ള പ്രതി സംസ്കാരം നമ്മുടെ അകത്തുനിന്ന് ഉണ്ടായി വരണം, വ്യക്തിയും വ്യവസ്ഥിതിയും ഇന്നത്തെ പ്രതിസന്ധിക്ക് കാരണമാണ്. ഇത് രണ്ടിനേയും സമന്വയി

പ്പിക്കുന്ന ഒരു ദർശനമാണ്
കാലഘട്ടത്തിന്റെ ആവശ്യം,
ആത്മീയതയും രാഷ്ട്രീയവും
ചേരുന്ന,വ്യക്തിയും വ്യ
വസ്ഥിതിയും ചേരുന്നിടത്ത്
പ്രശ്ന പരിഹാരം കുറച്ചു
കൂടി എളുപ്പമാകും. അതായത്
പ്രശ്ന പരിഹാരം പുറത്തു
നിന്നും അകത്തു നിന്നും
ഒരേ പോലെ അന്വേഷിക്കേ
ണ്ടിയിരിക്കുന്നു_പുറത്തുള്ള
dominant ideology യെ ചോദ്യം
ചെയ്യുന്നഅതേ ആത്മാർത്ഥതയോടെ
അകത്തുള്ള dominant
psychology യെയും ചോദ്യം ചെയ്യാൻ പറ്റു
ന്ന ഒരു ദർശനം.
ഇത് രണ്ടിനേയും,ആത്മീയ
തയേയും രാഷ്ട്രീയത്തെയും,
സമന്വയിപ്പിക്കുന്ന അരുണ
ഹരിത സംഗമം ഈ കാലഘ
ട്ടത്തിന്റെ അനിവാര്യതയാണ്.

2008-ലെ ലോക പരി
സിതിപരിസ്ഥിതി ദിനത്തിൽ ഐക്യരാ
ഷ്ട്രസഭ മുന്നോട്ട് വെച്ച മുഖ്യപ്രമേയം
കാർബൺ കുറഞ്ഞ
സമ്പദ് വ്യവസ്ഥയ്ക്കായ്
ശീലങ്ങൾ മാറ്റുക എന്നതാ
യിരുന്നു. ഭൂമിയിൽ ജീവൻ
നിലനിൽക്കാനാവശ്യമായ
ഊർജം ലഭിക്കുന്നത് സൂര്യ
നിൽ നിന്നാണ്. ഭൗമാന്തരീക്ഷത്തിലെ
ക്ഷത്തിലെ കാർബൺ ഡ
ഓക്സൈഡ്, നൈട്രജൻ,മീഥേൻ,
ഓസോൺ
തുടങ്ങി ചിലവാതകങ്ങൾ
സൂര്യനിൽ നിന്ന് നേരിട്ട്
പതിക്കുന്ന താപത്തിന്റെ ഒരു
ഭാഗത്തെ പിടിച്ചു നിർത്തു
ന്നു. ഭൂമിയിൽ ജീവൻ നില
നിൽക്കാൻ ആവശ്യമായ താ
പനില സാധ്യമാക്കുന്നത് ഈ
വാതകങ്ങളാണ്. ഇവയെ
ഹരിത ഗൃഹ വാതകങ്ങൾ
എന്നു പറയുന്നു. ഭൂമിയ
ഭൂമിയെ ഹരിതാപമാക്കുന്നത് ഇവ
യാണ്, ഇന്ധനങ്ങൾ കത്തു
മ്പോൾ പുറത്ത് പോകുന്ന
കാർബൺ സംയുക്തങ്ങൾ
അന്തരീക്ഷത്തിലെ ഈ വാ
തകങ്ങളുടെ അളവ് വർദ്ധി
പ്പിക്കുന്നു. ഇത് ഭൗമോപരിത
ലത്തിൽ ചൂട്ട കൂട്ടുന്നതിന്
കാരണമായിത്തീരുന്നു. ഇത്
നനവാർന്നൊരു പ്രകൃതി ജീ
വിതത്തിന് താളക്കേട് ഉണ്ടാ
ക്കി വയ്ക്കും . തളിരിലകൾ
മഞ്ഞച്ചു പോകുന്നു, കൂമ്പി
പോകുന്നു. അന്തരീക്ഷത്തി
ലെ വായു പ്രവാഹത്തെയും
വായുവിലെ നീരാവിയുടെ
അളവിനെയും ഈ വാതക
ങ്ങൾ മാറ്റുന്നു. താപനിലയി
ലുള്ള വർദ്ധനവ് കാരണം
ധ്രുവപ്രദേശങ്ങളിലെ മഞ്ഞു
രുകുന്നു, വരൾച്ച, കൃഷി
നാശം എന്നിവ ഉണ്ടാകുന്നു.

1979 മുതൽ 2006 വരെയുള്ള
കാലത്ത് 25 ശതമാനം ഹി
മപാളികൾ ഉരുകിത്തീർന്നി
ട്ടുണ്ടെന്ന് പറയപ്പെടുന്നു.
മഞ്ഞുപാളികൾ അപ്പാടെ കട
ലിൽ പതിക്കുമ്പോൾ കടൽ
നിരപ്പ് വലിയ തോതിൽ
ഉയരുകയും ഒട്ടനവധി ദ്വീപു
തീര രാഷ്ട്രങ്ങൾ ഏതു
സമയവു കടലിൽ അകപ്പെട്ടു
ന്ന അവസ്ഥയിലുമാ
ണ്. ഇത് ശുദ്ധജല സ്രോതസുകളെ
താറുമാറാക്കും.

**ധാർമ്മിക ഉപഭോഗം:**

ശാന്തമായൊരു സംക്രമണം
അസാധ്യമാക്കും
വിധമാണ് ഭൂമിയിൽ മനുഷ്യ
ന്റെ പ്രവർത്തനങ്ങൾ. മെല്ലെ
അസ്തമിക്കാൻ പോകുന്ന
ഈ ഉർവരത നമ്മെ അത്രയ്
ക്കൊന്നും വേവലാതിപ്പെട്ടു
ത്തുന്നില്ല. എഴുന്നൂറ്റി അമ്പത്
കോടി മനുഷ്യരിൽ കേവലം
അഞ്ച് ശതമാനം വരുന്നവർ
നടത്തുന്ന ആർഭാടമാണ്
പരിസ്ഥിതി പ്രശ്നം രൂക്ഷ
മാക്കുന്നത്. മൂലധന ശക്തി
കളുടെ പിടി അത്രമേൽ
ശക്തമാണ്. പരിസ്ഥിതിയെ
കുറിച്ച് പറയുന്നവർ പോലും
ഉപഭോഗ സംസ്കൃതിയുടെ
പിടിയിൽ നിന്നും മുക്ത
രല്ല. എന്തും അമിതമായി
ചൂഷണം ചെയ്യുകയും ഉപ
യോഗിക്കുകയുമെന്നത് മുത
ലാളിത്ത വികസന സങ്കൽപ
മാണ്. ഭൂമിയിലെ വിഭവങ്ങൾ
കുറഞ്ഞു കൊണ്ടിരിക്കുന്നു.

അത് പരിമിതവുമാണ്. Earth provides enough to satisfy every man's needs, not enough to satisfy every man's greeds. നമുക്ക് ആവശ്യമുള്ളത് നിറവേറ്റാൻ ഭൂമിയിലുണ്ട് പക്ഷേ, നമ്മുടെ ആർത്തി നിറവേറ്റാനില്ല എന്ന ഗാന്ധിജിയുടെ വീക്ഷണം വളരെ പ്രസക്തമാണ്.

മറ്റ് രാജ്യങ്ങളിലെ capitalist economist കൾ പോലും ഇപ്പോൾ degrowth അഥവാ അപവളർച്ചയെ കുറിച്ച് ചിന്തിച്ചു തുടങ്ങിയിട്ടുണ്ട്. പരിമിതമായ വിഭവങ്ങളുള്ള ഭൂമിയിൽ അപരിമിതമായ വളർച്ച എത്രമാത്രം പ്രായോഗികമാണെന്ന് അവർ ഗൗരവമായി ആലോചിച്ച് തുടങ്ങിയിരിക്കുന്നു.മതത്തിനകത്തു പോലും ethical consumption (ധാർമ്മിക ഉപഭോഗം) എന്ന ആശയം മുന്നോട്ട് വെച്ചു തുടങ്ങിയിട്ടുണ്ട്. വസന്തവും ശിശിരവും ക്രമാനുഗതമായി അനുഭവിക്കാൻ ഭൂമിയെ പരിപാലിക്കണം എന്നാണ് ഇസ്ലാമിന്റെ സൈദ്ധാന്തിക പാരികല്പനയെന്ന് എവിടെയോ വായിച്ചിട്ടുണ്ട്.

ഓരോ മനുഷ്യനും ഓരോ ജീവിയും ജലാശയമാണ്. സ്നേഹത്തിന്റെ ഈർപ്പമാണത്. ജീവനെ നിലനിർത്തുന്ന മൂലകം. വികസന ഭ്രാന്തു കയറി നശിച്ച കേരളത്തിന്റെ ഭൂ പ്രതലത്തിൽ ജലത്തിന് ഇടമില്ലാതായി മാറി.മഴയും, കൊച്ചരുവികളും തോടുകളും പുഴകളും നദികളും തീർത്ത ഒരു ജലശൃംഖല ഓരോ കേരളീയന്റെയും ഉളം പുറവും ഹരിതാഭമാക്കിയിരുന്നു . കുറച്ചുകാലം മുമ്പുവരെ കേരളത്തിലെ പുഴകൾ നിരന്തരമായി എക്കാലത്തും ഒഴുകിയിരുന്നു. ഇപ്പോൾ നമ്മുടെ നദികൾ മഴ പെയ്യുമ്പോൾ മാത്രമാണ് ഒഴുകുന്നത്.പെരും മഴ ഇന്ന് പഴയ സ്കൂൾ കുട്ടിയുടെ തരളമായ ഓർമ്മ മാത്രമായി മാറുന്നു. മുമ്പ് "മഴയിൽ കുളിച്ച് പ്രകൃതി' ഇന്ന് മാലിന്യത്തിൽ മുങ്ങിയകേരളമായി മാറി.

ജലം വിപണനത്തിന്റെ പുതിയ ഉൽപ്പന്നമായി മാറുന്നത് 90 കളിലാണ്. ഇനി നിങ്ങളുടെ പണമെല്ലാം വെള്ളത്തിലിടുക എന്നാണ് ഏറ്റവും വമ്പന്മാരായ കമ്പനികളുടെ മേലാധികാരികളോട് കങ്ങഎ ന്റെ തലവൻ ഒരിക്കൽ പറഞ്ഞത്. ലോകത്തിലെ ഏറ്റവും വലിയ കുത്തകകൾ ജനറൽ മോട്ടോർസോ, ഫോർഡോ, സാംസങ്ങാ അല്ല. വലിയ കുത്തകകൾ വെള്ളത്തെ നിയന്ത്രിക്കുന്ന വൻ കോർപറേറ്റ് കമ്പനികളാണ്.

ആഗോള ദേശീയ മൂലധനം വെള്ളത്തെ എങ്ങനെയാണ് ഇത്ര സമർത്ഥമായി ഉപയോഗിച്ചതെന്ന് കൊക്കകോളയുടെ ചരിത്രം മാത്രം പഠിച്ചാൽ മതിയാകും.

ഒരിക്കൽ കൊക്കക്കോളയുടെ ഒരു CEO, എക്സിക്യൂട്ടീവ് മീറ്റിംഗിൽ നടത്തിയ പ്രസംഗം ഇങ്ങനെയായിരുന്നു: "ലോകത്തിലെ എല്ലാ ജനങ്ങളും ഉണരുമ്പോൾ ആദ്യം തിരക്കുന്നത് വെള്ളമായിരിക്കും. അത് കൊക്കക്കോളയായിരിക്കണം എന്ന ജോലി ഉറപ്പു വരുത്തുക എന്നതായിരിക്കണം നമ്മുടേത്' അങ്ങനെയാണ് നമ്മുടെ രുചി ബോധത്തിൽ അട്ടിമറികൾ നടത്താനും ലോകത്താകമാനം വ്യാപിപ്പിക്കാനും അതിന് സാധിച്ചത്. കൊക്കക്കോള ജർമ്മനിയിൽ നടത്തിയ ഇടപെടൽ പരിശോധിച്ചാൽ നമുക്കത് മനസ്സിലാകും.

ഒരിക്കൽ കൊക്കക്കോളയുടെ ഒരു CEO, എക്സിക്യൂട്ടീവ് മീറ്റിംഗിൽ നടത്തിയ പ്രസംഗം

ഇങ്ങനെയായിരുന്നു:
"ലോകത്തിലെ എല്ലാ ജനങ്ങ ളും ഉണരുമ്പോൾ ആദ്യം തി രക്കുന്നത് വെള്ളമായിരിക്കും. അത് കൊക്കക്കോളയായിരി ക്കണം എന്ന ജോലി ഉറപ്പ വരുത്തുക എന്നതായിരിക്ക ണം നമ്മുടേത്.
അങ്ങനെയാണ് നമ്മുടെ രുചി ബോധത്തിൽ അട്ടിമറി കൾ നടത്താനും ലോകത്താ കമാനം വ്യാപിപ്പിക്കാനും അതിന് സാധിച്ചത്.

കൊക്കക്കോള ജർമ്മനിയിൽ നടത്തിയ ഇടപെടൽ പരി ശോധിച്ചാൽ നമുക്കത് മന സ്സിലാകും.
ഹിറ്റ്ലറുടെ എല്ലാ പ്രചരണ പരിപാടികളുടേയും പരസ്യം കൊടുത്തിരുന്നത് കൊക്കകോളയായിരുന്നു. ഹീബ്രു ഭാഷയിലായിരുന്നു അതിന്റെ പരസ്യം പ്രദർശിപ്പി ച്ചിരുന്നത്. 1936 ലെ ജർമ്മൻ ഒളിംബിക്സിലെ പ്രധാന സാന്നിദ്ധ്യം കോളയായിരു ന്നു. ഹിറ്റ്ലറെ വളരെയധികം സ്വാധീനിച്ച കമ്പനിയായിരു ന്നു കൊക്കകോള, ഗാട്ടിമാ ലയിലും കൊളംബിയയിലും കൊക്കക്കോളനടത്തിയ ഇട പെടൽ ഞെട്ടിപ്പിക്കുന്നതാണ്.

അമേരിക്കയിൽ കോ ളയ്ക്കെതിരെ boycott Killer Cola എന്ന പരസ്യ പ്രചരണം വരെ നടന്നിട്ടുണ്ട്. ലോകത്ത് ഇതിനെതിരെ പ്രതിഷേധ ശക്തമാകുന്ന സമയത്താണ് കോള കേരളത്തിൽ വരുന്ന ത്, പ്ലാച്ചിമടയിയിൽ കമ്പനി കൊടുക്കേണ്ട 216 കോടിയോളം രൂപ ഇതിന്റെ ഇരകൾക്ക് നഷ്ടപരി ഹാരം കൊടുക്കാതെ കബളി പ്പിക്കുകയാണ് കൊക്കക്കോള കമ്പനി ചെയ്തത്.

ഇന്ത്യൻ പാർലിമെന്റിൽ സ്ഥാപിച്ച കോളയുടെയും പെപ്സിയുടെയും കൗണ്ടർ മാറ്റിയപ്പോൾ അമേരിക്കൻ വി ദേശ കാര്യ സെകട്ടറി തന്നെ ഇടപെട്ട് അത് പുനഃസ്ഥാപി ച്ചു എന്നു പറയപ്പെടുന്നു. എല്ലാവർക്കും യാതൊരു വിലയും നൽകാതെ കിട്ടി യിരുന്ന ഒരു പൊതു വിഭവം എങ്ങനെ ഒരു ചരക്കായി മാറി എന്നു നാം ആലാ ചിക്കേണ്ടതാണ്.

സാമ്പ്രദായിക വികസന frame work നെ ചോദ്യം ചെയ്യുന്ന ഒരു പതിപ്രതി സംസ് കാരം ഉണ്ടായിവരുമ്പോൾ മാത്രമേ പ്രകൃതിയെ കുറിച്ച് കൃത്യമായി വേവലാതിപ്പെ ടുന്ന ഒരു സമൂഹം ഉണ്ടായി വരുകയുള്ളൂ. ഇന്ന് ലോക ത്ത് ജീവിക്കുന്ന ഏറ്റവും നല്ല മനുഷ്യൻ ഏറ്റവും കുറച്ച് ഉപഭോഗം ചെയ്യുന്ന ഏറ്റ വും ലളിതമായി ജീവിക്കുന്ന മനുഷ്യനായിരിക്കും. അതായത് ,ലോകത്തിന്റെ ധാർമ്മികതയോരത്ത് അലോസരപ്പെടുന്നതിനൊപ്പം അവനവന്റെ ജീവിതത്തിൽ ധാർമ്മികത പുലർത്തുന്നവൻ.

**അഷ്റഫ് പുത്തലത്ത്**
**എച്ച് .എസ് .എ .ഇംഗ്ലീഷ്**




ശാസ്ത്ര ലേഖനം

## സൂര്യൻ ഇല്ലാതെയായാൽ എന്തായിരിക്കും അവസ്ഥ?

Popular Science Magazine, November 2008.

നാമുൾപ്പെടെ ഉള്ള ഭൂമിയിലെ മിക്ക ജീവജാലങ്ങളുടേയും പ്രധാന ഊർജ്ജ സ്രോതസ്സ് ആണ് സൂര്യൻ. സൂര്യൻ ഇല്ലാതെയുള്ള ഒരു ദിവസം പോലും നമുക്ക് സങ്കൽപ്പിക്കാൻ കഴിയില്ല. എന്നാൽ പെട്ടെന്നൊരു ദിവസം സൂര്യൻ അപ്രത്യക്ഷമായാൽ എന്തായിരിക്കും അതിന്റെ അനന്തര ഫലങ്ങൾ?



പേടിക്കണ്ട, അങ്ങനെ ഒന്ന് സംഭവിക്കാൻ പോകുന്നില്ല. സൂര്യനും ഒരു 'ജീവിതം' ജീവിച്ചു തീർക്കാനുണ്ട്. സമാനമായ ഇതര നക്ഷത്രങ്ങളെ പോലെ സൂര്യനും അതിലെ ന്യൂക്ലിയർ ഇന്ധനം എരിഞ്ഞു തീരുന്നത് വരെ ജ്വലിച്ചു കൊണ്ടിരിക്കും. ഹൈഡ്രജൻ ആറ്റങ്ങളെ ഹീലിയം ആക്കി മാറ്റുകയാണ് ഈ ഇന്ധനം എരിക്കൽ എന്നത് കൊണ്ട് ഉദ്ദേശിക്കുന്നത്. ഈ 'ന്യൂക്ലിയർ ഫ്യൂഷന്റെ' ഫലമായാണ് നമുക്ക് ചൂടും വെളിച്ചവും ലഭിക്കുന്നത്. എന്നാൽ ഈ ഇന്ധനം തീരുന്നതോടെ അകക്കാമ്പിൽ സൂര്യൻ ഉള്ളിലോട്ട് ചുരുങ്ങാൻ തുടങ്ങും. പുറമേയുള്ള പാളി വികസിക്കാനും തുടങ്ങും. അങ്ങനെ സൂര്യൻ ഒരു 'ചുവന്ന ഭീമൻ' ആയി മാറുകയും, പുറം പാളി സൗരയൂഥത്തിലേക്ക് വികസിച്ച് ഇല്ലാതാവുകയും ചെയ്യും. ഏതായാലും ഈ അവസ്ഥ സംജാതമാകാൻ ഇനിയും കോടിക്കണക്കിന് വർഷങ്ങൾ കാത്തിരിക്കേണ്ടതുണ്ട്. അന്ന് അത് നിരീക്ഷിക്കാൻ അന്ന് മനുഷ്യനോ ഇതര ജീവജാലങ്ങളോ ഭൂമിയിൽ ഉണ്ടാവുക ഏറെക്കുറെ അസാധ്യമാണ് താനും.

എന്നാൽ ഒരു സുപ്രഭാതത്തിൽ, ഏതോ മായാജാലക്കാരന്റെ കഴിവ് കൊണ്ട്, സൂര്യൻ പൊടുന്നനെ അപ്രത്യക്ഷമാകുന്നു എന്ന് കരുതുക. എന്തായിരിക്കും ഭൂമിയുടേയും, അതിലെ ജീവജാലങ്ങളുടേയും അവസ്ഥ? ഗ്രഹോപഗ്രഹങ്ങളുടേയും, ഭൂമിയിലെ ജീവജാലങ്ങളുടേയും ഭാവി എന്തായിരിക്കും?

ആദ്യമായി മനസ്സിലാക്കേണ്ടത്, സൂര്യൻ അപ്രത്യക്ഷമാകുന്ന ആ നിമിഷം നമ്മൾ അതിനെ കുറിച്ച് ഒരിക്കലും അറിയാൻ പോകുന്നില്ല എന്നതാണ്! സൂര്യനിലെ പ്രകാശം ഭൂമിയിലെത്താൻ 8 മിനിറ്റും 20 സെക്കന്റും എടുക്കും. അതായത് സൂര്യൻ അവിടെ ഇല്ല എന്ന് നാം മനസ്സിലാക്കുമ്പോഴേക്ക് അത്രയും സമയം കഴിഞ്ഞിരിക്കും എന്നർത്ഥം. മാത്രമല്ല; അതറിയുന്ന നിമിഷം തന്നെ സൂര്യനു ചുറ്റുമുള്ള തന്റെ ഭ്രമണ പഥത്തിൽ നിന്ന് ഭൂമി തെറിച്ചു പോവുകയും ചെയ്യും. കാരണം ഭൂമിയെ സൂര്യനു ചുറ്റും കറങ്ങാൻ സഹായിക്കുന്ന ഗ്രാവിറ്റി ബലതരംഗങ്ങളും സഞ്ചരിക്കുന്നത് പ്രകാശത്തിന്റെ വേഗതയിൽ ആണ്. ഒരു കല്ല് ചരടിൽ കെട്ടി തലയ്ക്ക് ചുറ്റും കറക്കിയതിനു ശേഷം പെട്ടെന്ന് വിട്ടാൽ എന്ത് സംഭവിക്കും? ചരട് കയ്യിൽ നിന്ന് വിടുന്ന നിമിഷം ഏത് ബിന്ദുവിലായിരുന്നോ ഉണ്ടായിരുന്നത്, അതിന് തിരശ്ചീനമായി കല്ല് ഒരു നേർരേഖയിൽ സഞ്ചരിച്ചു തുടങ്ങും. ഭൂമിയുടെ അവസ്ഥയും അത് തന്നെ. അത് വരെ പരിക്രമണം ചെയ്തു കൊണ്ടിരുന്ന, സെക്കന്റിൽ 30 കിലോമീറ്റർ എന്ന വേഗതയിൽ ഭൂമി നേർരേഖയിൽ സഞ്ചരിച്ചു തുടങ്ങും. സൗരയൂഥത്തിലെ ഇതര ഗ്രഹങ്ങളുടെ ഗുരുത്വാകർഷണ പരിധിയിൽ പെടാതിരുന്നാൽ ആ സഞ്ചാരം അനന്തമായി തുടരുകയും ചെയ്യും; മറ്റേതെങ്കിലും നക്ഷത്രത്തിന്റേയോ, പിണ്ഡമുള്ള വസ്തുക്കളുടേയോ പരിധിയിൽ പെടുന്നത് വരെ.

എന്നാൽ മറ്റു ഗ്രഹങ്ങളുടെ അവസ്ഥ എന്താണ്? ഭൂമിയിൽ ഇരുട്ട് പരക്കുന്ന ആ നിമിഷം നാം വ്യാഴത്തെ നിരീക്ഷിക്കുക ആണെങ്കിൽ ആ ഗ്രഹം ഒന്നും സംഭവിക്കാത്തത് പോലെ 'ഇല്ലാത്ത' സൂര്യനെ ചുറ്റിക്കറങ്ങുന്നത് കാണാം. എന്തിനധികം, ആ സൂര്യനിൽ നിന്നുള്ള പ്രകാശം പോലും പ്രതിഫലിപ്പിക്കും! കാരണം, ഭൂമിയിൽ നിന്നും വീണ്ടും ഒരു 30 മിനിറ്റ് സഞ്ചരിച്ചാൽ മാത്രമേ പ്രകാശത്തിനും (ഗ്രാവിറ്റി തരംഗങ്ങൾക്കും) വ്യാഴത്തിൽ എത്തിച്ചേരാൻ കഴിയൂ. വ്യാഴത്തിൽ തട്ടി പ്രകാശരശ്മികൾക്ക് തിരിച്ച് ഭൂമിയിൽ എത്താൻ വീണ്ടും ഒരു 30 മിനിറ്റ് വേണം. അപ്പോൾ ഏതാണ്ട് ഒരുമണിക്കൂറോളം വ്യാഴം എന്ന നമ്മുടെ അയൽഗ്രഹം ഈ ഇല്ലാത്ത സൂര്യനെ ചുറ്റിക്കറങ്ങുന്നതായി നമുക്ക് കാണാം!. ഇതര

ഗ്രഹങ്ങളുടേയും അവസ്ഥ ഇതു തന്നെ. ഒടുവിൽ, അനന്തതയിലേക്കുള്ള യാത്രയുടെ ആദ്യനിമിഷങ്ങളിൽ തന്നെ ചന്ദ്രനും, ഇതരഗ്രഹങ്ങളും ഒന്നൊന്നായി 'അണയുന്നത്' നമുക്ക് നേരിൽ കാണാം!

അനന്തമായ ഇരുട്ട് ഭൂമിയിൽ വന്നു കഴിഞ്ഞു. സത്യത്തിൽ പൂർണമായും കുറ്റാക്കൂരിരുട്ടാണോ? അല്ല. പ്രപഞ്ചത്തിലെ മറ്റ് പ്രകാശസ്രോതസ്സുകൾ അപ്പോഴും ഭൂമിയിൽ വെളിച്ചമെത്തിക്കും. സൂര്യൻ ഇല്ലാതാകുന്നതോടെ ചന്ദ്രനും പ്രകാശം പ്രതിഫലിപ്പിക്കില്ല. എന്നാൽ നക്ഷത്രക്കൂട്ടങ്ങൾക്ക് ഒരു പൂർണചന്ദ്രന്റെ മുന്നൂറിൽ ഒന്ന് പ്രകാശം ഭൂമിയിൽ എത്തിക്കാൻ കഴിയും എന്നാണ് കണക്കു കൂട്ടൽ. അത് വളരെ വളരെ ചെറിയ ഒരു പ്രകാശമാണ്. നാട്ടുവെളിച്ചം എന്നൊക്കെ നമ്മൾ പറയാറില്ലേ? അത് തന്നെ. ഫലത്തിൽ ഒരു അമാവാസി രാവിൽ എന്ത് വെളിച്ചമാണോ ഉണ്ടാവുക, അത് തന്നെ ആയിരിക്കും ഭൂമിയിലെ അവസ്ഥ. വ്യത്യാസം എന്തെന്നാൽ ഭൂമിയിൽ എല്ലായിടത്തും, എന്നെന്നും അനന്തമായ അമാവാസി രാവുകൾ ആയിരിക്കും! ഫോസിൽ ഇന്ധനങ്ങളും, ഇലക്ട്രിസിറ്റിയും ഉള്ളത് കൊണ്ട് കുറേക്കാലം കൂടെ മനുഷ്യന് വെളിച്ചമില്ലായ്മ ഒരു പ്രശ്നം ആകില്ലെന്ന് കരുതാം.

ഭൂമിയിലെ ജീവനേൽക്കുന്ന ആദ്യ പ്രഹരം സൂര്യപ്രകാശം ഇല്ലാതാകുന്ന നിമിഷം മുതൽ ചെടികളും, ചില ചെറുജീവികളും പ്രകാശസംശ്ലേഷണം (photosynthesis) നിർത്തുമെന്നതാണ്. ഭൂമിയിലെ സ്വാഭാവിക ഭക്ഷണോൽപ്പാദനത്തിന്റെ 99.9% വും അതോടെ നിലയ്ക്കും. ഈ പ്രകാശസംശ്ലേഷണം ആണ് അന്തരീക്ഷത്തിൽ നമ്മുടെ പ്രാണവായു ആയ ഓക്സിജന്റെ അളവ് കുറയാതെ നിലനിർത്തുന്നത് എന്നറിയാമല്ലോ? പക്ഷേ ഭയക്കാനില്ല. മനുഷ്യരെല്ലാവരും കൂടെ ഒരു വർഷം ശ്വസിച്ചു തീർക്കുന്നത് 600,000 കോടി കിലോഗ്രാം ഓക്സിജൻ ആണ്. നമ്മുടെ അന്തരീക്ഷത്തിലാകട്ടെ; ഇപ്പോൾ 100,000,000,000 കോടി കിലോഗ്രാം ഓക്സിജൻ ഉണ്ട്! ഓക്സിജൻ ശ്വസിക്കുന്ന മറ്റുള്ള ജീവജാലങ്ങളെ എല്ലാം കണക്കിലെടുത്താൽ തന്നെയും കുറഞ്ഞത് ഒരു ആയിരം വർഷത്തേക്കുള്ള ഓക്സിജൻ ഇവിടെ ഇപ്പോൾ തന്നെയുണ്ടെന്നർത്ഥം. ചെറു ചെടികൾ ദിവസങ്ങളും, ആഴ്ചകളും കൊണ്ട് മൃതിയടയും. ആവശ്യമുള്ള അന്നജം സംഭരിച്ചു വെച്ചിട്ടുള്ള വലിയ മരങ്ങൾ തണുത്ത് മരവിക്കാതിരുന്നെങ്കിൽ വർഷങ്ങളോളം ജീവിച്ചേക്കാം.

സത്യത്തിൽ 'പട്ടിണി' കൊണ്ടല്ല; മറിച്ച് ഉള്ളിലെ ജലാംശം തണുത്തുറയുന്നതു കൊണ്ടാവും മിക്ക വൃക്ഷങ്ങളും നശിക്കുന്നത്.

ചൂടും വെളിച്ചവും തരുന്ന സ്രോതസ്സ് ഇല്ലാതാകുമ്പോൾ ആ നിമിഷം തന്നെ ഭൂമി തണുത്തുറയുമോ? പരിശോധിക്കാം. സൂര്യൻ ഉള്ള ഇന്നത്തെ അവസ്ഥയിൽ ഭൂതലത്തിലെ ശരാശരി ഊഷ്മാവ് 14–15 ഡിഗ്രീ സെൽഷ്യസ് ആണ്. സൂര്യൻ ഇല്ലാതാകുമ്പോൾ ഭൗമോപരിതലത്തിൽ നിന്നും തുടക്കത്തിൽ അതിവേഗം താപം പുറത്തേക്ക് വികിരണം ചെയ്യപ്പെടും; പിന്നീട് അതിന്റെ നിരക്ക് കുറയുമെങ്കിലും. ആദ്യത്തെ ഒരാഴ്ച കൊണ്ട് തന്നെ ഭൗമോപരിതലത്തിലെ താപനില പൂജ്യം ഡിഗ്രി സെൽഷ്യസ് ആയി താഴും. ജലസ്രോതസ്സുകൾ പതുക്കെ ഉറയാൻ തുടങ്ങും. എന്നാൽ ഈ താപനില മനുഷ്യന് പരിചയമുള്ളതാണ്. സംരക്ഷിത കവചങ്ങളും, കട്ടികൂടിയ വസ്ത്രങ്ങളും, കെട്ടുറപ്പുള്ള താമസസ്ഥലവും വഴി ഇതിനെ മറികടക്കാം. ആദ്യത്തെ ആഴ്ചകളും, ചിലപ്പോൾ മാസങ്ങളും ചിലപ്പോൾ ഇങ്ങനെ കഴിഞ്ഞുകൂടാം. എന്നാൽ ആദ്യത്തെ വർഷാവസാനം ആകുമ്പോഴേക്ക് ഊഷ്മാവ് –73 ഡിഗ്രീ സെൽഷ്യസ് ആയിട്ടുണ്ടാകും. അതിജീവിക്കുക എന്നത് അത്യന്തം ദുഷ്കരമായിരിക്കും. മനുഷ്യർ ഉൾപ്പെടെയുള്ള ജീവജാലങ്ങൾ ചത്തൊടുങ്ങാൻ തുടങ്ങും. അവശേഷിക്കുന്നവർക്ക് ജീവൻ നിലനിർത്താൻ ഒരു മാർഗമുള്ളത് ഭൂഗർഭത്തിൽ നിന്ന് ചൂട്ട വാതകങ്ങളും, നീരുറവകളും വമിക്കുന്ന പ്രദേശങ്ങളിലേക്ക് മാറിത്താമസിക്കുക എന്നതാണ്. (ഉദാ: യെല്ലോസ്റ്റോൺ നാഷണൽ പാർക്ക്, ഐസ്ലന്റ് തുടങ്ങിയ ഭൂഗർഭത്തിലെ ഊർജ്ജം ഉപയോഗപ്പെടുത്താവുന്ന പ്രദേശങ്ങൾ). മറ്റൊരു മാർഗം ന്യൂക്ലിയർ എനർജി പോലുള്ള ഊർജ്ജ സ്രോതസ്സുകൾ കൊണ്ട് ചൂട്ട പിടിപ്പിച്ച ബങ്കറുകളിലോ മറ്റോ താമസിക്കുക എന്നതും.

ആദ്യത്തെ മൂന്നുവർഷം കൊണ്ട് തന്നെ സമുദ്രോപരിതലും മുഴുവനായും ഐസ് ആയി മാറിയിട്ടുണ്ടാകും. പക്ഷേ ഈ മഞ്ഞുകവചത്തിനും താഴെ ജലം ഊഷ്മാവിൽ വലിയ വ്യത്യാസമില്ലാതെ നിലകൊള്ളും. കാരണം, മുകളിലുള്ള ഐസ് പാളി ഒരു താപരോധന കവചം (insulator) ആയി വർത്തിക്കും. കൂടാതെ ഭൂമിയുടെ അടിത്തട്ടിൽ നിന്നുള്ള ചൂടുള്ള ജലതാപ രന്ധ്രങ്ങൾ (hydrothermal vent) ജലത്തിന്റെ താപമാനം കുറയാതെ സംരക്ഷിക്കും; കോടിക്കണക്കിന് വർഷങ്ങളോളം!

പത്തോ ഇരുപതോ വർഷങ്ങൾക്കകം ഭൗമോപരിതലം വീണ്ടും 'നനയാൻ' തുടങ്ങും. ജലം കൊണ്ടാണെന്ന് കരുതരുത്! അത്യുഗ്രമായ തണുപ്പ് അന്തരീക്ഷത്തിലെ വാതകങ്ങളെ പോലും ദ്രാവകാവസ്ഥയിൽ എത്തിക്കും. അത് മേഘാവസ്ഥ പൂണ്ട് ഭൂമിയിൽ 'അന്തരീക്ഷ മഴ' തന്നെ ഉണ്ടായേക്കാം! അന്തരീക്ഷത്തിൽ നിന്ന് മഴ വർഷിക്കുന്നത് കണ്ടു പരിചയിച്ച നമുക്ക് അന്തരീക്ഷം തന്നെ മഴയായി പെയ്യുന്നത് കാണാനുള്ള ഭാഗ്യം ഉണ്ടാകുമെന്നർത്ഥം! തണുപ്പ് വർദ്ധിക്കുമ്പോൾ അത് മഞ്ഞുപാളികളായും ഭൂമിയിൽ പതിക്കും. ചില മുൻകരുതലുകളും ആസൂത്രണവും ഉണ്ടെങ്കിൽ ഈ ഒരു കഠിനാവസ്ഥയിൽ പോലും മനുഷ്യന് നിലനിൽക്കാം. 'ഓക്സിജൻ മഞ്ഞുപാളികൾ' ചൂടാക്കാനും, വാതകാവസ്ഥയിൽ ഉപയോഗിക്കാനും ഉള്ള സംവിധാനങ്ങൾ ഉണ്ടാക്കിയാൽ. ഇതധിക കാലം തുടരാനാവില്ല. സ്വാഭാവിക ആവാസവ്യവസ്ഥ പൂർണമായും നശിച്ച; അതിജീവനത്തിനായി സ്വരുക്കൂട്ടിയ അവസാന ഊർജ്ജവും, ഭക്ഷണവും തീരുന്നതോടെ മിക്ക ജീവികളും വംശനാശമടയും. മനുഷ്യനുൾപ്പെടെ.

ഭൂമിയുടെ ഉപരിതലം തണുത്തുറഞ്ഞെങ്കിലും, ഭൂമിയിലെ അവസാന മനുഷ്യൻ മരവിച്ച മരിച്ചാലും, ഭൂമിയുടെ ഉൾഭാഗം അപ്പോഴും തിളച്ച മറിയുകയാണെന്നോർക്കണം. നേരത്തെ സൂചിപ്പിച്ച ജലതാപ രന്ധ്രങ്ങൾ കടലിനടിത്തട്ടിൽ നിർലോഭം ഉണ്ട്. അതിനു ചുറ്റുമായി ഇന്നത്തെ പോലെ തന്നെ സൂക്ഷ്മ ജീവികൾ പെറ്റു പെരുകുന്നുണ്ടാകും. (ചൂടുറവകളിൽ നിന്നുള്ള രാസവസ്തുക്കളിൽ നിന്നാണ് ഇവ ഊർജ്ജം കണ്ടെത്തുന്നത്). ഒരു പക്ഷേ കടലിന്നഗാധതയിൽ കഴിയുന്ന ആ ജീവികൾ സൂര്യൻ അപ്രത്യക്ഷമായി എന്ന് പോലും അറിഞ്ഞിട്ടുണ്ടാവില്ല. എന്തിനധികം, സൂര്യൻ എന്നെങ്കിലും നിലനിന്നിരുന്നോ എന്ന് പോലും അവയ്ക്കറിവുണ്ടായിരിക്കില്ല! മനുഷ്യനും മറ്റെല്ലാ ജീവജാലങ്ങളും ഭൂമുഖത്ത് നിന്ന് തുടച്ചുനീക്കപ്പെട്ടാലും ഇത്തരം 'എക്സ്ട്രീമോഫൈലുകൾ' വലിയ കുഴപ്പമില്ലാതെ സൂര്യന്റെ അഭാവത്തിൽ ജീവിക്കും. കാരണം സൂര്യൻ എന്ന ഊർജ്ജസ്രോതസ്സ് അവയുടെ ജൈവചക്രത്തെ ഒരിക്കലും ബാധിക്കുകയില്ല! കോടിക്കണക്കിനു വർഷങ്ങളിലേക്കുള്ള ഊർജ്ജവും, ഭക്ഷണവും അവയ്ക്കായി ഭൂമി ഒരുക്കി വെച്ചിട്ടുണ്ട്.

ജൈവവൈവിധ്യങ്ങളില്ലാതെ വെറുമൊരു മഞ്ഞുഗോളം മാത്രമായെങ്കിലും ഭൂമി അതിന്റെ ഗർഭപാത്രത്തിൽ ജീവനെ പേറുന്നുണ്ടാകും. ഒരു ശൂന്യാകാശ യാത്രാപേടകം പോലെ അത് സൗരയൂഥത്തിന്റെ പരിധികളും ഭേദിച്ച് അനന്തതയിലേക്ക് കുതിക്കും. സെക്കന്റിൽ 30

കിലോമീറ്റർ എന്ന തോതിൽ ഒരു 100 കോടി വർഷങ്ങൾ കൊണ്ട് (മറ്റ് നക്ഷത്രങ്ങളുടെ ആകർഷണ വലയത്തിൽ പെട്ടില്ലെങ്കിൽ) അത് നമ്മുടെ ആകാശഗംഗയുടെ ദൂരം – അതായത് ഒരു ലക്ഷം പ്രകാശവർഷങ്ങൾ – താണ്ടിയിരിക്കും. എന്നാൽ നാല്പതിനായിരം കോടിയോളം നക്ഷത്രങ്ങൾ ഉള്ള നമ്മുടെ ആകാശഗംഗയിലെ ഏതെങ്കിലും ഒരു നക്ഷത്രത്തിന്റെ 'പിടി'യിൽ പെട്ടാൽ എന്തായിരിക്കും സംഭവിക്കുക? പുതിയൊരു സൂര്യനെ ലഭിക്കുന്നതോടെ പുതിയ ഊർജ്ജ സ്രോതസ്സും തുറന്നു കിട്ടുന്നു. മഞ്ഞുപാളികൾക്കടിയിൽ ജീവൻ പേറുന്ന ഭൂമിയിൽ വീണ്ടും പരിണാമത്തിലൂടെ ജീവൻ അതിന്റെ ജൈവ വൈവിധ്യങ്ങൾ വീണ്ടെടുത്തേക്കാം. ഇന്ന് കാണുന്നതോ ഇത് വരെ ജീവിച്ച് മരിച്ചതോ ആയ ഒരു ജൈവപ്രകൃതിയും ആയിരിക്കണമെന്നില്ല വീണ്ടുമൊരു ജൈവപരിണാമത്തിലൂടെ ലഭിക്കുന്നത്! തികച്ചും വ്യത്യസ്തമായ ആ പരിതസ്ഥിതിയിൽ കൂടുതൽ ബുദ്ധിശക്തി ചിലജീവികൾക്കെങ്കിലും ലഭിച്ചേക്കാം. മഞ്ഞിന്റെ അടരുകൾക്കിടയിൽ കുഴിച്ചുമൂടപ്പെട്ട ഫോസിൽ തെളിവുകൾ – എന്റെയും നിങ്ങളുടേതുമുൾപ്പെടെ – അവ കണ്ടെടുത്തേക്കാം, പുതിയൊരു പരിണാമചരിത്രം രചിക്കാൻ വേണ്ടി...

സമ്പാദനം

അരവിന്ദ്



# ഒരേ തരത്തിൽ ചിന്തിക്കുന്ന വിധം

ഒരിടത്തൊരു സൂഫിയുണ്ടായിരുന്നു. ഗ്രാമത്തിലുള്ളവർ ഫക്കീർ എന്നുവിളിച്ചു.
ഒരു നിദ്രയിലദ്ദേഹത്തിൻറെ സ്വപ്നത്തിൽ ഒരു മാലാഖ. അതൊരു വിവരം നൽകി
രാതിയിൽ ഗ്രാമത്തിലെ എല്ലാ കിണറ്റിലും ചെകുത്താൻ വിഷം കലക്കാൻ

പോകുന്നു. വെള്ളം കുടിച്ചാൽ എല്ലാവർക്കും ഭ്രാന്താകും.
ഫക്കീർ ഉണർന്നെഴുന്നേറ്റു. കർമനിരതനായി. കിട്ടാവുന്നിടത്തോളം പാത്ര ങ്ങളിൽ
വെള്ളം സംഭരിച്ചു. നേരം വെളുത്തു. ഗ്രാമീണർ കിണറുകളിലെ വെള്ളമെടുത്ത
മുഖം കഴുകി, കുടിച്ചു. നാട് മൊത്തം ഭ്രാന്തായി. ഫക്കീർ പാത്രത്തിലെ
വെള്ളമെടുത്തു. സംഗതിയുടെ കിടപ്പ് അദ്ദേഹത്തിന് പിടികിട്ടി.

മാലാഖയുടെ പ്രവചനം ഫലിച്ചിരിക്കുന്നു.
എന്നാൽ, ഗ്രാമത്തിൽ മറിച്ചൊരു വാർത്തയാണ് പ്രചരിച്ചത്.

ഫക്കീറിന് ഭ്രാന്തായി എന്ന് ചെവിക്കുചെവി വാർത്ത പരന്നു
ജനം അദ്ദേഹത്തെ സഹതാപത്തോടെ നോക്കി. പാവം! അവർ തലയിൽ

കൈവെച്ചു. ഒരുദിവസം അവർ അദ്ദേഹത്തെ പിടികൂടാൻ വന്നു.
പിടികൂടി ഭ്രാന്താശുപത്രിയിലിട്ട് ചികിൽസിക്കാൻ. എന്നാൽ, സം
എന്താണെന്ന് അദ്ദേഹം വിശദീകരിച്ചുകൊടുത്തു. അവർക്കത് മനസിലായില്ല.
അദ്ദേഹത്തിൻറ ഭാഷപോലും മനസ്സിലായില്ല. മുഴുത്ത വടുതന്നെ. അവരുറപ്പിച്ചു.

പഴയതൊക്കെയും ജനങ്ങളെ ഓർമിപ്പിക്കാൻ അദ്ദേഹം ശ്രമിച്ചു.
അദ്ദേഹത്തിൻറ വാക്കുകളിൽ അവർ ആർത്തുചിരിച്ചു. ഒടുവിൽ അവർ വീടുവളയാൻ
വന്നു. ഫക്കീർ പറഞ്ഞു: "നിൽക്കു, ഞാൻ തന്നെ ചികിത്സിക്കാം."

അദ്ദേഹം പൊതുകിണറ്റിലേക്കോടി. വെള്ളമെടുത്തു കുടിച്ചു.'
എന്തുസംഭവിച്ചുവെന്നറിയാമല്ലോ. ജനത്തിന് സമാധാനമായി.ഫക്കീർ അവരുടെ
ഭാഷ
സംസാരിക്കുന്നു! അവരോടൊപ്പം ചിരിക്കുന്നു!!
സർവം ശുഭം'.
അപ്പോൾ അതാണ് കാര്യം. അങ്ങനെയാണ് ഒരു ജനത / സമുദായം ഒരേ തരത്തിൽ
ചിന്തിക്കുന്നത്.

ജ്ഞാനികൾ പാവങ്ങൾ. അവരെന്തറിഞ്ഞു.

**Abdul Fathah(10M)**

കവിത

# ശവമഞ്ചം.

റുഖിയ റഹീഖ
10J

മടങ്ങാൻ ഇടമുണ്ടോ?
എല്ലാം എടുത്തോളൂ.
സോദരാ
വരൂ,
ശവമടക്കിനുള്ള നിർദ്ദേശങ്ങൾ തരൂ.
കിനാക്കൾക്ക് ഒരു ശവമഞ്ചം.
വാക്കുകൾ ഇനി വർണമാകില്ല.
കഴുകൻ നിഴലുകളേയും
കരിമ്പൂലകളേയും
ഭയമാണെന്നോ?

പുതുമഴ വീണ തെരുവിൽ
അവർ പാടുന്നു.
മരിച്ചവരോടെങ്ങനെ സംസാരിക്കും.
ചിതൾ,
മുൾച്ചെടി,
ഭ്രാന്തമാർ,
അവർ ദൈവത്തെ കാണുന്നു
പിണക്കം മാറിയോ?
പര്യായപദങ്ങളെല്ലാം തീർന്നോ?
നരകത്തിന്റെ നാലാമത്തെ
വാതിലും
തുറക്കാനായി .



# സൈക്കിൾ

Moideen Nuiman(10M)

ബ്യജെർ .പി കെ യുടെ പോസ്റ്റുകൾ കണ്ടപ്പോൾത്തൊട്ടു തുടങ്ങിയതാണു ചെക്കന്റെ സൂക്കേട്:


സൈക്കിള്ള വേണം!.

“വാപ്പാ.. സൈക്കിള്ള വാങ്ങിത്തരുന്നോ ഇല്ലേ?“

“എടാ നീ നാല്യ മാസം മുമ്പ് ഒരു ബുള്ളറ്റ് മേടിച്ചതല്ലേയുള്ളൂ.. പിന്നെ നിനക്കെന്തിനാ ഇപ്പം സൈക്കിള്?“

“ഉമ്മാ.. ഒന്നു പറഞ്ഞ് മനസ്സിലാക്കിക്കൊട് “

ഉമ്മ മനസ്സിലാക്കിക്കൊടുത്തു :“മനുഷ്യാ, നിങ്ങള്ള തന്നെയാണ് പറയുമ്പം പറയുമ്പം ഓരോന്നു വാങ്ങിക്കൊടുത്ത് ഇവനെ വഷളാക്കിയത്..“



അവന്റെ ഉമ്മ പറഞ്ഞത് എത്ര ശരിയാണ് എന്നെനിക്കറിയില്ല. ഒന്നറിയാം; ചെക്കൻ ചെറുപ്പം മുതലേ ഇങ്ങനെയായിരുന്നു. ഓരോ സമയത്ത് ഓരോന്നിലും കമ്പം കേറും. കുറേക്കാലം പാട്ടു പഠിക്കാൻ പോണമെന്നു പറഞ്ഞ് ബഹളമായിരുന്നു. അങ്ങനെ പാട്ടു പഠിക്കാൻ പോയി. ഒരാഴ്ചയെടുത്തില്ല; സരിഗമ മടുത്തു. പിന്നീട് ഗിറ്റാർ പഠിക്കാൻ പോയി. അതുപിന്നെ രണ്ടുമൂന്ന് മാസം പോയെന്നു വെക്കാം. ക്ലാസ്സ് കഴിഞ്ഞ് വീട്ടിൽ വന്നിരുന്ന് വായിക്കും. ‘തുഛേ ദേഖാ തോ യെ ജാനാ സനം..“ പക്ഷേ അത് കഴിഞ്ഞുള്ള വരിയിലെത്തും മുമ്പ് അതും നിർത്തി. ഗിറ്റാർ ക്ലോക്കിനടുത്തായി ആണിയടിച്ച് തൂക്കി.അതിൽ ഇപ്പോൾ ആദികാലത്ത് കുടിയേറിയ ഒരു പല്ലിയുടെ പതിനൊന്നാം തലമുറ കൂട്ടുകുടുംബമായി താമസിക്കുന്നു.രാത്രിയാകുമ്പോൾ മൂന്നാല്യ വയസ്സൻ പല്ലികൾ ഗിറ്റാറിന്റെ ഹോളിനു വെളിയിലേക്ക് തലയിട്ട് ഫാനിന്റെ കാറ്റുള്ളാൻ വന്നിരിക്കും.

ഗിറ്റാറു പഠിത്തമെല്ലാം ഒരു വഴിയ്ക്കായിക്കഴിഞ്ഞ് കരാട്ടെ പഠിക്കാൻ പോയി. സ്കൂളിലെ കൂട്ടുകാരായ രാജീവനും അരുണും കരാട്ടെ പഠിക്കുന്നത്രേ! കരാട്ടേ ക്ലാസ്സുകഴിഞ്ഞ് വീട്ടിൽ വന്നുള്ള കാട്ടായമൊക്കെ ഒന്നു കാണണമായിരുന്നു!. പറമ്പിലെ അധികം പ്രായമാവാത്ത വാഴകളെയൊക്കെ പഞ്ച് ചെയ്തും മുതുകിനു ചവിട്ടിയും തലകുനിപ്പിച്ചു. ചായ്പ്പിന്റെ മേൽക്കൂരയിൽ നിന്ന് ഓടുകൾ ഓരോന്നായി ഊരിക്കൊണ്ടു വന്ന് തല്ലിപ്പൊട്ടിച്ചു. അക്കാലത്ത് അവനോട് ആരെന്തു പറഞ്ഞാലും കാല്യകൊണ്ടു മാത്രമേ അനുസരിക്കുമായിരുന്നുള്ളൂ.. ‘എടാ, ആ ജനൽ ഒന്നടച്ചേ’ എന്നു പറഞ്ഞാൽ ചാടി ഉയർന്ന് ഒറ്റൊറ്റച്ചവിട്ടാണ്. അടഞ്ഞാൽ അടഞ്ഞു!

കുറഞ്ഞ കാലം കൊണ്ട് അവന്റെ കിടപ്പുമുറിയിലെ ഭിത്തികൾ കാൽപ്പാടുകൾ കൊണ്ട് നിറഞ്ഞു. യാ..ഹൂ.. വാ...

Yellow Belt കിട്ടിയക്കഴിഞ്ഞ് ഒരു മാസം കൂടി ക്ലാസ്സിനു പോയി. ശേഷം ബെൽറ്റ് ഊരി ഉമ്മായുടെ മുന്നിൽ വെച്ച് വണങ്ങി: ഹുസ്സ്....!!

ശരീരമൊക്കെ ഒന്നു ദൃഢപ്പെട്ടു വരുന്ന സമയമായപ്പോഴാണ് ജിമ്മിനു പോയിത്തുടങ്ങുന്നത്.. ദിനം പ്രതി അവിടവിടെയായി മുഴച്ചു വരുന്ന ശരീരം കണ്ടിട്ട് പ്രേമിക്കുന്ന പെണ്ണു പറഞ്ഞു അവൾക്ക് ജയറാമിനെപ്പോലെ പതുപതുത്ത ശരീരമാണ് ഇഷ്ടമെന്ന്. അതോടെ അതും നിർത്തി.

അങ്ങനെ ഓരോ സീസണിൽ ചെക്കന് ഓരോരോ കമ്പമാണ്.കിളിയെ വളർത്തൽ, അക്വേറിയം, പൂന്തോട്ടം തുടങ്ങിയവയ്ക്ക് ചെലവിട്ട കാശ് വെച്ചു നോക്കുമ്പോൾ മേൽപ്പറഞ്ഞ കമ്പങ്ങൾക്കൊന്നും അത്ര പൈസ ആയിട്ടില്ലെന്നു പറയാം. ഇതിൽ പല കമ്പങ്ങളും ദുരന്തങ്ങളിൽ പര്യവസാനിച്ചു.. കിളികളിൽ കുറേ എണ്ണം വെള്ളം കിട്ടാതെ മരിച്ചു. കുറേ എണ്ണത്തിനെ ചേര പിടിച്ചു. ബാക്കി ഉണ്ടായിരുന്ന ഒരെണ്ണത്തിനെ കഷ്ടം തോന്നിയിട്ട് അവന്റെ വാപ്പാതന്നെ തുറന്നുവിട്ടു. മുറ്റത്തെ മാവിൻ കൊമ്പിൽ വന്നിരുന്ന് ദയനീയമായൊരു നോട്ടം നോക്കിയിട്ട് അത് എങ്ങോട്ടോ പറന്നുപോയി.

അക്വേറിയത്തിലെ മീനുകൾ തീറ്റ കിട്ടാതെ പരസ്പരം വിഴുങ്ങി.. ടാങ്കിലെ വെള്ളമാവട്ടെ, പെയിന്ററന്മാർ ബ്രഷ് കഴുകുന്ന ബക്കറ്റിലേതുപോലായി.

പൂന്തോട്ടമെല്ലാം ഫലമില്ലാത്ത ഏതൊക്കെയോ വള്ളിച്ചെടികൾ കയറി നശിച്ചു.

അവന്റെ വാപ്പ ഗൾഫീന്ന് ജോലി മതിയാക്കി വന്നപ്പോൾ കിട്ടിയ പൈസയിൽ കുറച്ചെടുത്തിട്ടാണ് ബുള്ളറ്റ് വാങ്ങുന്നത്. ഏറ്റവും ചെലവേറിയ 'കമ്പം പ്രൊജക്ടം' അതായിരുന്നു. കയ്യിൽ പൈസ ഇരിക്കുമ്പോൾ അതിനു തക്ക ചെലവും വരുമല്ലോ. ബുള്ളറ്റ് വാങ്ങിയ ചെലവ് പിന്നെയും സഹിക്കാമായിരുന്നു. അതിന്റെ അനുബന്ധ ചെലവുകളാണ് താങ്ങാൻ പറ്റാതിരുന്നത്. ആഴ്ചയിൽ ആഴ്ചയിൽ ടൂറു പോക്കാണ്. ആദ്യമാദ്യം വീട്ടുകാരും എതിർത്തില്ല. പോകട്ടെ, ലോകം കണ്ടു പഠിക്കട്ടെ.. ജീവിതം പഠിക്കട്ടെ..! അവർ ഉദ്ദേശിച്ചപോലായിരുന്നില്ല. അവൻ മിടുക്കനായിരുന്നു. വെറും മൂന്നു മാസത്തിനുള്ളിൽ മൂന്നാറിനും വയനാട് ചുരത്തിനും ഒക്കെ അപ്പുറത്തും ലോകമുണ്ടെന്നും അത് അങ്ങ് ഷില്ലോംഗ് വരെ പരന്നു കിടക്കുകയാണെന്നും അവൻ മനസ്സിലാക്കി. ആഴ്ചകളോളം നീണ്ടുനിന്ന പ്രയാണങ്ങൾ..

അവന്റെ വാപ്പായെ കണ്ടുകണ്ട് വീട്ടിനടുത്തുള്ള എ ടി എമ്മിന് ബോറടിച്ചു തുടങ്ങി. അങ്ങനെയിരിക്കുമ്പോഴാണ് പുതിയ കമ്പം. സൈക്കിളു മേടിച്ചു കൊടുക്കാൻ..

“നീ ഒരു കാര്യം ചെയ്യ്, ഷെഡ്ഡിലിരിക്കുന്ന ആ ഹെർക്കുലീസ് റിപ്പയർ ചെയ്തെടുത്തോ..“

“ഹയ്യേ..!! ഉമ്മാ... പറഞ്ഞു കൊടി!!“

“മനുഷ്യാ.. പിള്ളേരൊക്കെ ചവിട്ടുന്ന പുതിയ തരം സൈക്കിളുണ്ട്. ഗിയറൊക്കെ ഉള്ള... അല്ല്യോടാ?“

“ഌ..“
അയാൾ ഓർത്തുനോക്കിയപ്പോൾ സംഗതി തരക്കേടില്ല. ഒരു സൈക്കിൾ വാങ്ങിക്കൊടുത്താൽ പിന്നെ കുറച്ചുനാളെങ്കിൽ കുറച്ചുനാൾ അതും കൊണ്ട് നടന്നോളും. ഷില്ലോംഗ് വരെയുള്ള അവന്റെ

ലോകം ഈ പഞ്ചായത്തിനുള്ളിലേക്ക് ചുരുങ്ങും. ചെലവു കുറയും. ഒരു സൈക്കിളിനു കൂടിവന്നാൽ മൂവായിരം രൂപ ആകുമായിരിക്കും..

“ഒരു കാര്യം ചെയ്യ്, നീ ഷർട്ടെട്ടുത്തിട്.. നമുക്കൊന്ന് പോയി നോക്കാം”

‘റൗണ്ട് ‘N’ റൗണ്ട്’ സൈക്കിൾസിന്റെ എൻട്രൻസിൽത്തന്നെ ഹാന്റിൽ വളഞ്ഞുപുളഞ്ഞ ഒരു സൈക്കിൾ ഡെക്കറേറ്റ് ചെയ്ത് ഡിസ്പ്ളേ ചെയ്തിട്ടുണ്ട്. അയാൾ ആദ്യം നോക്കിയത് അതിന്റെ ഓഫർ ബോർഡിലേക്കാണ്. ‘Before 1.9LNow 1.75L!!’. സെയിൽസ് മാനോട് ചോദിച്ചു : “എന്തോന്നാ ഈ 1.75 L?

“ വൺ ലാക്ക് സെവന്റി ഫൈവ് തൗസന്റ് റുപ്പീസ്.. സാർ....”

വാപ്പ മകനെ ദയനീയമായൊന്നു നോക്കി. അല്പം കരുണയ്ക്കായി യാചിക്കുന്നപോലെ.. അവനോ, എത്ര ദയാലു! 27,500 രൂപയുടെ മഞ്ഞക്കരയുള്ളൊരു സൈക്കിളിലേക്ക് ചൂണ്ടി അയാളെ ഒരു പൊട്ടിക്കരച്ചിലിന്റെ വക്കിൽ നിന്ന് രക്ഷിച്ചു.. ചുരിദാർ വാങ്ങുമ്പോൾ പെൺകുട്ടികൾ അതിനു പറ്റിയ വളയും കമ്മലും മാലയും സ്ലൈഡും വാങ്ങുന്നപോലെ കുറേ ആക്സസ്സറീസും വാങ്ങി. അതിനെല്ലാം കൂടി പിന്നൊരു പതിനയ്യായിരമായി. ട്രൗസർ, ഷൂ, സോക്സ്, ഹെൽമെറ്റ്, ജാക്കറ്റ്...! അയാളുടെ ഷർട്ടിന്റെ പോക്കറ്റിരുന്നിടം വല്ലാതെ മിടിച്ചു.

ഇത്തിരി പൈസ മുടക്കിയെങ്കിലെന്താ, പ്രതീക്ഷിച്ചപോലെല്ലാം സംഭവിക്കുന്നെന്ന് വാപ്പായ്ക്ക് തോന്നി. ബുള്ളറ്റിനെ ഉപേക്ഷിച്ച് പുതിയ കമ്പത്തിൽ അവൻ വ്യാപൃതനായി. ട്രൗസറും ജാക്കറ്റും വലിച്ചുകേറ്റി ഹെൽമറ്റും തലയിൽ ഫിറ്റ് ചെയ്ത് രാവിലെയും വൈകിട്ടും സൈക്കിളുമെടുത്തുകൊണ്ടിറങ്ങും. അതേ കോലത്തിലുള്ള കൂട്ടുകാരുമൊത്ത് നാലു കിലോമീറ്റർ അങ്ങോട്ടും നാലു കിലോമീറ്റർ ഇങ്ങോട്ടും ചവിട്ടും. പ്ലസ് ടൂ പെൺപിള്ളേരെക്കാണുമ്പോൾ ചെറുതായൊന്നു സ്ലോ ചെയ്യും. വൈകും നേരം സർക്കീട്ടൊക്കെ കഴിഞ്ഞ് തിരിച്ചു വന്ന് സൈക്കിൾ തുടച്ചു വൃത്തിയാക്കി ബെഡ് റൂമിൽ കൊണ്ടുവെച്ച് സ്വന്തം പുതപ്പെടുത്ത് അതിനെ മൂടി നോക്കി നോക്കിക്കിടന്ന് മയങ്ങും.

ഒരാഴ്ച കഴിഞ്ഞപ്പോൾ അനുബന്ധച്ചെലവ് വന്നു.

“വാപ്പാ, രണ്ടായിത്തെണ്ണൂറ്റു രൂപ വേണം”

“ഹ്..??”

“ഉമ്മാ... പറഞ്ഞു കൊട്!”

“അവനു ക്ലബ്ബിൽ ചേരാനാ.. എന്താടാ ക്ലബ്ബിന്റെ പേര്?”

“കായംകുളം പെഡലേഴ്സ്”

അങ്ങനെ പെഡലേഴ്സിൽ ചേർന്നു. നാലഞ്ചു ദിവസം കഴിഞ്ഞപ്പോൾ പിന്നേം വന്നു. നാലായിരം കൂടി വേണം. എയിഡ്സിനെതിരേ സൈക്കിൾ ചവിട്ടുന്നു. തിരുവനന്തപുരം മുതൽ കോഴിക്കോടുവരെ. ഭക്ഷണവും മറ്റു വട്ടച്ചെലവുകളും ഉണ്ട്. കൂടാതെ രെജിസ്ട്രേഷൻ ഫീയും.

“സൈക്കിൾ ചവിട്ടിയാൽ എയിഡ്സ് മാറുവോ?”

“ഇത് ബോധവത്കരണച്ചവിട്ടലാണ്”

പൈസയും വാങ്ങിച്ചുകൊണ്ട് അവൻ എയിഡ്സിനെതിരേ പുറപ്പെട്ടു. ക്ലബ്ബിന്റെ വക വാട്സാപ്പിൽ വന്ന നിർദ്ദേശപ്രകാരം റൈഡേഴ്സ് എല്ലാവരും സൈക്കിളുമായി തിരുവനന്തപുരം റെയിൽവേ സ്റ്റേഷനിൽ എത്തിച്ചേരണം.. ദൂരെയുള്ളവർ ട്രെയിനിൽ യാത്രചെയ്തു വന്നാൽ മതിയാവും. കോഴിക്കോട്ടുവരെ ചവിട്ടാനുള്ളതുകൊണ്ട് എനർജി വെറുതേ പാഴാക്കേണ്ടതില്ല. അവനും അതൊക്കെ അനുസരിച്ചു.

റെയിൽ വേ സ്റ്റേഷനു സമീപം സൈക്ലിസ്റ്റുകളുടെ അത്യാവശ്യം വലിയൊരു കൂട്ടം തന്നെ ഉണ്ടായിരുന്നു. ഫേസ്ബുക്കിൽ മിന്നി നിൽക്കുന്ന സൈക്ലിസ്റ്റുകളെ അവൻ ആരാധനയോടെ നോക്കി. ബുജൈറിന്റെ കൈ പിടിച്ച് മുസാഫാത്ത് ചെയ്തു.

കൃത്യം ഏഴുമണിയ്ക്കുതന്നെ ചവിട്ട് ആരംഭിച്ചു. 80 മണിക്കൂറുകൊണ്ട് 400 കിലോമീറ്റർ ചവിട്ടണം. പലരും പറയുന്നതുകേട്ടു : 'സിമ്പിൾ ടാസ്ക്'!



കഴക്കൂട്ടം വരെ നല്ല രസമായിരുന്നു..
അവിടുന്ന് തോന്നയ്ക്കൽ വരെ രസമായിരുന്നു..
അവിടുന്ന് ചെമ്പക മംഗലം വരെ തരക്കേടില്ലായിരുന്നു.
അവിടുന്ന് ആറ്റിംഗൽ വരെ മോശം പറയാൻ പറ്റില്ല.
അവിടുന്ന് കല്ലമ്പലം വരെ എങ്ങനൊക്കെയോ പോയി..
പാരിപ്പള്ളി എത്തിയപ്പോഴേക്കും കാലൊക്കെ വലിഞ്ഞു മുറുകി..
കല്ലുവാതുക്കൽ എത്തിയപ്പോഴേക്കും ചന്തി ഒരു പരുവമായി..
ചാത്തന്നൂർ എത്തിയപ്പോഴേക്ക് നാശം! വരേണ്ടിയിരുന്നില്ലെന്ന് തോന്നി
ഒരുവിധം വലിഞ്ഞുവലിഞ്ഞ് കൊല്ലത്തെത്തി. അപ്പോഴേക്കും രാത്രിയായിരുന്നു. കൂടെയുള്ളവരൊക്കെ എവിടെയാണോ ആവോ. എന്തായാലും അന്നവൻ അവിടൊരു ലോഡ്ജിൽ താമസിച്ചു. രാവിലെ ആയപ്പോൾ കാലൊക്കെ നല്ല വേദന. ഒരുവിധം എഴുന്നേറ്റ് കുളിച്ച് ഡ്രസ്സ് ചെയ്ത് റിസപ്ഷനിൽ ചെന്നപ്പോൾ ഇന്നലത്തെ റൈഡേഴ്സിന്റെ കൂട്ടം ലോഡ്ജിന്റെ മുറ്റത്ത് അടുത്ത ഘട്ടത്തിനു റെഡിയായി നിൽക്കുന്നു. പിന്നെ വല്ല രക്ഷയുമുണ്ടോ? അവിടുന്ന് അടുത്ത ഘട്ടം തുടങ്ങി. ഏന്തിയും വലിഞ്ഞും ചവിട്ടി. ക്ഷീണിച്ചു തളരുമ്പോൾ മോരും വെള്ളം വാങ്ങിക്കുടിച്ചു. ദാഹിച്ചു വലയുമ്പോൾ സോഡാ സർബത്ത് കുടിച്ചു. വിയർപ്പുകൊണ്ട് ജാക്കറ്റും ട്രൗസറുമൊക്കെ മുങ്ങി. വെയിലുകൊണ്ട് ദേഹം കരിഞ്ഞുണങ്ങി. ഒടുവിൽ ഒരുവിധത്തിൽ നീണ്ടകരയെത്തി.

ഭാഗ്യത്തിനാണ് അവിടെനിന്ന് കായംകുളത്തേക്ക് ഒരു മീൻ ലോറി കിട്ടുന്നത്. സൈക്കിളെടുത്ത് മീൻ കൊട്ടയ്ക്കു മുകളിലേക്കെറിഞ്ഞു. കായംകുളത്തുന്ന് ഒരു പെട്ടിയോട്ടോ പിടിച്ച് സൈക്കിൾ അതിന്റെ പിറകിൽ കെട്ടിവെച്ച് വീട്ടുമുറ്റത്ത് വന്നിറങ്ങി. വാപ്പ അപ്പോൾ വാഴയ്ക്ക് തടമെടുക്കുകയായിരുന്നു.

മുറ്റത്ത് വന്നിറങ്ങിയ ആളെക്കണ്ട് ചോദിച്ചു: "ആരാ?"

"വാപ്പായ്ക്ക് എന്നെ മനസ്സിലായില്ലേ?"
വാപ്പാ പറഞ്ഞു: "നിനക്കുതന്നെ നീ ആരാണെന്ന് മനസ്സിലായിട്ടില്ല; അപ്പോപ്പിന്നെ ഞാനെങ്ങനെ അറിയാനാ?"
Courtesy: unknow source

# جمالاللغةالعربية

اللغة العربية  من أقدم اللغات في العالم، فهي لغة القرآن الكريم الذي استقرها وأثبتها إلى  يوم القيامة  ولغة أهل قريش الذين ارتحلوا رحلة الشتاء والصيف متبادلة بين البلدان حضارة وثقافة ولغة  ومازالت تلك اللغة مستخدمةبين العرب حتى يومنا هذا، وكان العصر الذهبي لهذه اللغة مع انتشارالإسلام، وإقبال العجم لتعلم العربية حتى يتسنى لهم قراءة القرآن الكريم .



على الرغم من التأثيرات قبل العولمة وظهور المصطلحات الدخيلة، واللغة العامية التيتنتشر بين الناس، تبقى اللغة العربية الفصحى  حيث كانت على أصلها وتعتبر المرجع الأساسي عندالتخاطب والتواصل بين كل عربي يتحدثاللغةالعربية،كما تستخدمالعربية الفصحى في التعليم ، والكتابة، وفي وسائل الإعلام المختلفة .

اكتسبت اللغة العربية الجمال والإبداع من جمال حروفها عندما تُنطقوتُسمع وتُكتب، فعندما تكتب بالخط العربي فلا بدّ من لمسة فنية تزينأحرفها من زخارف، ونقوش، وحركات التشكيل كما تظهر في القرآن الكريم أو كما ترسم في الكتب والصحف ، وعلى بعض أنواع

المجوهرات والحُليّ، عندما تتحرك بها الألسن تتجلى فيها البلاغة والفصاحة والصور البديعية، والكثير من المعاني، وهذا ما يتميز به القرآن الكريم الذي عندما نزل تحدى العرب، وخصوصاً قريش في البلاغة والفصاحة، وهذا ما تعجب منه فصحاء قريش عندما سمعوا تلاوة القرآن الكريم.

يظهر جمال اللغة العربية في الشعر ، والنثر ، والخطابة، والقصة، والرواية،وفي النحو، والصرف ، حيث يعتبر الشعر فناً أدبياً أقبل عليه الكثير منالشعراء الذي برعوا في كافة ألوان الشعر من غزل، ومدح، وذم، ورثاء، ومن أبرز شعراء العربية هم شعراء المعلقات السبع ، والمتنبي ، وأحمد شوقي ، وأبوالقاسم الشابي ، فكل هؤلاء برعوا بالبلاغة وجزالة اللفظ والمعنى باستخدام القافية أو بحور الشعر، والمحسنات البديعية التي تضفي لمسة جميلة تطربالآذان، فاللغة العربية هي لغة مرنة تعايشت مع كل الأزمان ومختلفالأجناس، ومن جمالها أيضاً أنّ المرء يستطيع أن يعبر عما بداخله بشكلصريح ومباشر أو بالتلميح. وعلينا أن نحفظ اصل اللغة العربية مع قبول المحدثات الراهنة الجديدة وأن نبعد عن الانحرافات والتبديلات كما شكى حافظ ابراهيم في قصيدة حالة اللغة العربية

Ayishathul Ashfiya VIII J



# നൊമ്പരത്തിന്റെ ആഴക്കടൽ

രാത്രിയും പകലും മാറിക്കൊണ്ടേയിരുന്നു.രാത്രിയായി, പകലായി, സൂര്യനുദിച്ചു, അസ്തമിച്ചു. മഴ വന്നു, വെയിൽ വന്നു. കാലം അതിവേഗം ഒരു സൂപ്പർഫാസ്റ്റ്നോണം ഓടിക്കൊണ്ടിരിക്കുന്നു.

ദൈവത്തിന്റെയും പ്രകൃതിയുടെയും കാരുണ്യത്തിന്റെ സ്നേഹ തണലിൽ മനുഷ്യനും ജന്തുജാലങ്ങളും ഭൂമിയിൽ സുഖമായി ജീവിക്കുന്നു, പെറ്റമ്മയെ പോലെ ഭൂമി തന്റെ മടിത്തട്ടിൽ മനുഷ്യ ജന്തുജാലങ്ങളെയെല്ലാം താരാട്ടുപാടി ഉറക്കുന്നു, നോവിക്കാതെ ഒരു പോറലും ഏൽക്കാതെ മനസ്സിൽ സ്നേഹ സന്തോഷങ്ങളുടെ പൂമഴ ചൊരിഞ്ഞ പ്രകൃതിസുന്ദരമായ മലകളും കാടുകളും ഭൂമിക് ആനന്ദം മൂളി.



കാടുകളും സൗന്ദര്യവാഹകരായ പൂക്കളും പൂന്തോട്ടങ്ങളും മഞ്ഞിൻകണങ്ങളും പാട്ടിന്റെ പാലാഴി മൂളുന്ന കിളികളും മാത്രം കണികാണാൻ കഴിയുന്ന ഒരു മലഞ്ചെരിവിലാണ് അമ്പിളി താമസിക്കുന്നത്. പ്രകൃതിയുടെ സ്നേഹം പോലെ, നിലാവെന്ന പോലെ കരുണയുടെയും സമാധാനത്തിന്റെയും തുവെള്ള പോലെയാണ് അമ്പിളിയുടെ മനസ്സ് .

പ്രകൃതിയുടെ സ്നേഹം ആസ്വദിച്ചും പ്രകൃതിയെ സ്നേഹിച്ചും കഴിയുന്ന ഒരു കൊച്ചു കുടുംബമാണ് അമ്പിളിയുടെത്. ഇത്രയധികം പ്രകൃതി സൗന്ദര്യം തനിക്ക് ആനന്ദിക്കാനും ആസ്വദിക്കാനും തന്ന ദൈവത്തോടും പ്രകൃതിയോടും അവൾ എന്നും നന്ദി പറയും.

പ്രകൃതിയെ അത്രമേൽ സ്നേഹിക്കുന്ന നോവിക്കരുതെന്ന മനോഭാവമുള്ള ഒരു നല്ല പെൺകുട്ടിയായിരുന്നു അവൾ . അവളും കുടുംബവും മലഞ്ചെരുവിലെ കൊച്ചുവീട്ടിലെക് കടന്നു ചെല്ലുമ്പോൾ കൂടെ ഉണ്ടയിരുന്നത് തന്റെ കുടുംബവും പ്രകൃതിയും മാത്രം .അവൾ ദുഖിച്ചു . പക്ഷെ അവളുടെ ദുഖത്തിന് പ്രസക്തിയില്ലെന്ന് അവൾക്ക് ക്രമേണ തോന്നാൻ തുടങ്ങി. അതെ അവളെന്തിന് ഭയക്കണം?

സ്നേഹ സന്തോഷത്തിന്റെയും സൗന്ദര്യത്തിന്റെയും പ്രകൃതിഭംഗി അവളുടെ കൂടെയുണ്ടെന്ന് അവൾക്ക് മനസ്സിലായി . കാലക്രമേണ അവൾക്ക് ആ മലഞ്ചെരുവിലേക്ക് മനുഷ്യരാരും വന്നില്ലായിരുന്നങ്കിൽ എന്നുതോന്നി .മനുഷ്യനെ വെറുപ്പായാതുകൊണ്ടല്ല; അനിഷ്ടവും കൊണ്ടല്ല.അവൾക്ക് പുറമെയുള്ള കാര്യങ്ങൾ കൃത്യമായി അറിയാവുന്നത് കൊണ്ടാണ് .

മനുഷ്യൻ ഭൂമിയെ എത്രമാത്രം ദ്രോഹിക്കുന്നെണ്ടെന്നു അവൾക്കറിയാം . മനുഷ്യന്റെ ഭൂമിയോടുള്ള നിഷ്കരുണമായ പ്രവർത്തനങ്ങൾ എത്രമാത്രം അപലപനീയമാണെന്ന് അവൾക്കറിയാം.അതുകൊണ്ടു മാത്രമാണ് അവളുടെ ചിന്ത അതിലേക്കു പോയത്

എന്നാലും അവകളെപോലെയുള്ള പ്രകൃതി സ്നേഹികൾ പ്രകൃതിയെകാക്കനായി ഭൂമിയിൽ ജീവിക്കുന്നെണ്ടെന്ന് അവൾക് നല്ല ധാരണയുണ്ട്.പക്ഷെ വളരെ തുച്ചം . അമ്പിളിയുടെ ആഗ്രഹത്തിന് വിപരീതമായി ആ മലഞ്ചെരുവിലേക്ക് ആളുകൾ വന്നുകൊണ്ടേയിരുന്നു.

ദൈവത്തോട് ഗാഡമായി പ്രാർത്ഥിച്ചു . ദൈവം അവളുടെ പ്രാർത്ഥനയ്ക്ക് ഉത്തരം നൽകി . അവളുടെ ആഗ്രഹ പ്രകാരം മലഞ്ചെരുവിലേക്ക് വന്ന ചില ആളുകളുടെ മനസ്സിനെ അവൻ കരുണയുള്ള പ്രതീകങ്ങളാക്കി. അവൾ സന്തോഷിച്ചു .പ്കഷെ ആ സന്തോഷത്തിന്ന് അധികകാലം അവളുടെ ആത്മാവിന് തുങ്ങികിടക്കാൻ കഴിഞ്ഞില്ല . ക്രമേണ ആ പ്രകൃതിസുന്ദരമായ നാട്ടിലേക്ക് ആളുകൾ ഇരച്ചുകയറി അവളുടെ പ്രാർത്ഥന ഫലിച്ചില്ല

മനസ്സിൽ കരുണയുടെയും ദയാശീലത്തിന്റെയും ഒരു കണികാ പോലും മണത്തറിയാൻ കഴിയാത്ത പ്രകൃതിയോട് ഒരിത്തിരി ദയയില്ലാത്ത ക്രൂരമനോഭാവമുള്ള മനുഷ്യജീവികളായിരുന്നു അവർ .അവൾ ദൈവത്തോട് കേണപേക്ഷിച്ചു . പക്ഷെ ദൈവം അവളുടെ പ്രാര്ഥനയോട് മുഖം തിരിച്ചു .  അവൾ സമൂഹത്തിലേക്ക് ഇറങ്ങിചെന്നു. അവർ പ്രകൃതിയെ ദ്രോഹിക്കുകയാണ്. ഒട്ടും കരുണയില്ലാതെ ആ മലയെ പിച്ചിച്ചീന്തുകയാണ് മണ്ണുമാന്തിയന്ത്രങ്ങൾ തുടങ്ങി പ്രകൃതിയെ പോറലേല്പിക്കുന്ന സകല യന്ത്രസാമഗ്രികളും അവിടെയുണ്ട് . അവൾക്ക് സങ്കടമാടക്കാനായില്ല .

അവൾ അവരെ ബോധവത്കരിച്ചു . അവരോട് കേണപേക്ഷെച്ചു . ആ പ്രകൃതിദ്രോഹികൾ ആ കൊച്ചു പെൺകുട്ടിയുടെ വാക്കിനെ പുച്ഛിച്ച തള്ളി . അവർ അവരുടെ സുഖസൗകര്യങ്ങൾക്ക് വേണ്ടി പണക്കൊഴുപ്പിന് വേണ്ടി ഭൂമിയെ കുത്തിതുളച്ചു . പ്രകൃതിയുടെ ചാഞ്ചാടികളായ തണലിന്റെ ഉടമകളായ വൃക്ഷലതാദികളെ അവർ തുണ്ട തുണ്ടമാക്കി.അതവരുടെ സൗകര്യങ്ങൾക്ക് വേണ്ടി ഉപയോഗിച്ചു. അവരുടെ ദ്രോഹ സ്വഭാവം തുടർന്നുകൊണ്ടേയിരുന്നു. ഇരയെ ആക്രമിക്കുന്ന ഗർജിക്കുന്ന സിംഹത്തെ പോലെ മലയെ ഇടിച്ചു നിരത്തി പുത്തൻ മാളികകളും കൊട്ടാരങ്ങളും ഫ്ലാറ്റ് സമുച്ചയങ്ങളും പണിതു .

മുന്നറിയ്പ്പുകൾ അവഗണിച്ചു . പ്രകൃതി മാറി തുടങ്ങി . മഴയായില്ല കത്തുന്ന ചൂട് , ശുദ്ധവായു ലഭിക്കാനില്ല മലയുടെ വിവിധ ഭാഗങ്ങളിൽ ക്വറികളും മറ്റും പ്രവർത്തനം തുടങ്ങിയാട്ടുമൂലം ഭൂമിയുടെ ഉൾപ്രദേശം ആക്രോശിക്കുന്നു .

അമ്പിളി പ്രകൃതിയുടെ സങ്കടങ്ങൾ മനസ്സിലാക്കി. ഭൂമിയുടെ ആത്മാവ് പോലെ അവളുടെ മനസ്സും കത്തിത്തിളയ്ക്കാൻ തുടങ്ങി . ഭൂമിതീഗോളമാവ്വുകയെന്ന വേദന അവളുടെ മനസ്സിനെ ആട്ടിയുലച്ചു . അവൾക്കേ സമാധാനിക്കാനായില്ല രാത്രികളിൽ അവൾ കണ്ണ് മിഴിച്ചിരുന്നു. കൂരിരുട്ടിന്റെ അർധരാത്രിയിൽ ഭൂമി ഇളകിമറിഞ്ഞു .അവൾ തിരിച്ചറിഞ്ഞു .

വിറയ്ക്കുന്ന കാലുകളോടെ അവൾ പുഴകളിലൂടെ മലവെള്ളപാച്ചിലിലൂടെ എങ്ങനെയോ രക്ഷപ്പെട്ടു പ്രകൃതി അവളെ മാറോട്ടു ചേർത്തു . അവളുടെ മാതാപിതാക്കളെ നഷ്ടപ്പെട്ടിരുന്നു അവളുടെ കൂടെ ഇപ്പോൾ ആരുമില്ല . ഏകാന്തതയുടെ നടുവിൽ അവളുടെ മനസ്സ് കത്തിയെരിഞ്ഞു . അവൾ വിചാരിച്ചു അവൾ സ്വപ്നം കാണുകയാണെന്ന് ഒരിക്കലുമല്ല അത് സ്വപ്നമല്ല; യാഥാർഥ്യം തന്നെ. അവൾക്ക് വിശ്വസിക്കാനായില്ല . സങ്കടത്തിന്റെയു ദുഖത്തിന്റെയും ഏകാന്തത മാത്രം നിറഞ്ഞുനിൽക്കുന്ന ദുരിതാശ്വാസക്യാമ്പിലാണവളിപ്പോൾ . എങ്ങും ദുഃഖം മാത്രം . അവൾക്ക് അത് താങ്ങാനായില്ല.

അവൾ തന്റെ വീടിരുന്നിടത്തേക്കോടി . ഇടറുന്ന കാലുമായി അവൾക്കവളുടെ അമ്മയെ വേണം  അച്ഛനെയും. കൂടെപ്രാണനായ പ്രകൃതിയെയും. ഓടുന്നതിടെയ്ക്ക് വീണ്ടും പരിക്കേറ്റു . പക്ഷെ ശരീരത്തിലെ പോറലുകളൊന്നും അവളറിഞ്ഞില്ല മനസ്സിന്റെ ദുഖത്തിലും വലുതായിരുന്നില്ല ആ വേദനകൾ . വീട്ടിലേക്ക് ഓടിക്കൊണ്ടിരിക്കുകയാണവൾ . പക്ഷെ അവൾക്കു  തന്റെ വീട് കണ്ടെത്താനാവാത്ത വിധം ഭൂമി കിയ്മേൽ മറിഞ്ഞിരിക്കുന്നു. വീടിരുന്ന സ്ഥലത്തു ഒരു മൺകൂന . അവൾ വളരെയധികം ദുഖിതയായി അവൾ പൊട്ടിക്കരഞ്ഞു ഒരു ഭ്രാന്തിയെപ്പോലെ . ദൈവത്തോട് അവൾ കേണപേക്ഷിക്കുകയാണ് . എനിക്കെന്റെ പ്രാണനെ തിരിച്ചു താ ... അവൾ പൊട്ടിക്കരഞ്ഞു .

മണ്ണുമാന്തിയന്ത്രങ്ങൾ മൺകൂനകളിൽ തിരയുകയായിരുന്നു . അവളുടെ

പാഠപുസ്തകവും ബാഗുമെല്ല അവർ പുറത്തെടുത്തു അവൾക്ക് കണ്ണീരില്ല . കരഞ്ഞു തീർക്കാൻ

കണ്ണീരില്ല. അവൾ ചിന്തിച്ചു താനെന്തിനിനി ജീവിക്കണം ??ദൈവമേ നീയെന്തിനെന്നെ ബാക്കി വെച്ചു ? അങ്ങ് ആകാശത്തേയ്ക്ക് എന്നെയും കൂട്ടികൊണ്ടു പോകാമായിരുന്നില്ലേ .?... അവളുടെ വിലാപങ്ങൾക്ക് ഉത്തരനൽകാൻ ആരുമുണ്ടായിരുന്നില്ല അവളുടെ കരച്ചിൽ ആകാശത്തിൽ തട്ടി തിരിച്ചുവരാൻ മാത്രമുള്ള ശബ്ദശ്രേണികളായി അവ പ്രതിഫലിച്ചു .

Ameena I

VIII I






GHSS
KUMBLA








G.H.S.S


G.H.S.S.Kumbla
സ്വാഗതം



നന്ദി

ഉപദേശം തന്ന

അധ്യാപകർക്ക്,

അറിവും സ്നേഹവും

പങ്കുവച്ച സഹപാഠികൾക്ക്,

ഞങ്ങളെ സ്നേഹിച്ച, സഹായിച്ച ഏവർക്കും..........

നിർഭരമായ കൃതാർത്ഥതയോടെ!

ലിറ്റിൽ കൈറ്റ്

ജി എച്ച് എസ് എസ് കുമ്പള